അധ്യായം

8

S1F2V6

സ്വത്വവികസനം

പ്രധാന ആശയങ്ങൾ

- 8.1. വ്യക്തിത്വം
- 8.2 വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ
- 8.3 വ്യക്തിത്വ സിദ്ധാന്തങ്ങൾ
- 8.4 പക്വതയാർന്ന വ്യക്തിത്വം

'എന്റെ വ്യക്തിത്വം പൂർണ്ണമായും പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം എനിക്ക് വേണം'

-മഹാത്മാഗാന്ധി

താഴെക്കൊടുത്തിട്ടുള്ള ചിത്രങ്ങളിലെ വ്യക്തികളെ തിരിച്ചറിയാമോ?



a. .... b. .... c. .... d. ....

അവർ നമുക്ക് സുപരിചിതരായത് എങ്ങനെയെന്ന് പറയാമോ? നമ്മെ ആകർഷിക്കത്തക്ക വിധത്തിൽ സവിശേഷ ഘടകങ്ങൾ അവരിലുണ്ട്. അതു കൊണ്ട് പൊതുവായി നാം അവരെ മഹാന്മാർ എന്ന് വിശേഷിപ്പിക്കുന്നു.

ഇത്തരത്തിൽ സവിശേഷ ഗുണങ്ങൾ പ്രകടിപ്പിക്കുന്ന വ്യക്തികൾ അവരുടെ പ്രദേശത്തു മാത്രമല്ല ലോകം മുഴുവൻ അറിയപ്പെടുന്നു. ഇതുപോലെ മഹത്‌വ്യക്തികളാകുവാൻ നമ്മളും ആഗ്രഹിക്കുന്നു. എന്നാൽ മഹാന്മാർക്ക് മാത്രമേ വ്യക്തിത്വമുള്ളൂ എന്നു പറയാനാകുമോ? തീർച്ചയായും ഇല്ല!

ഈ സമൂഹത്തിലെ ഓരോ വ്യക്തിക്കും അവരുടേതായ പ്രത്യേക സവിശേഷതകൾ ഉണ്ട്. ഈ ഗുണങ്ങൾ ഓരോരുത്തരെയും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തരാക്കുന്നു. ഇത്തരത്തിൽ സവിശേഷ സ്വഭാവങ്ങൾ കൂടിച്ചേരുന്നതാണ് നമ്മുടെ വ്യക്തിത്വം. അതിനാൽ നിങ്ങൾക്കും നിങ്ങളുടെ അച്ഛൻ, അമ്മ, അധ്യാപകർ, ജോലിക്കാർ തുടങ്ങിയ മറ്റെല്ലാവർക്കും അവരുടെതായ വ്യക്തിത്വം കാണപ്പെടുന്നു.

8.1 വ്യക്തിത്വം((Personality)

സാധാരണ ഭാഷയിൽ വ്യക്തിത്വം എന്നു പറയുന്നത് ഒരു വ്യക്തിയുടെ ബാഹ്യരൂപമാണ്.വ്യക്തിയുടെ വസ്ത്രധാരണരീതി, ഭാഷ, ശാരീരിക പ്രകടനം, ശീലങ്ങൾ, ഭാവങ്ങൾ തുടങ്ങിവ ഈ ബാഹ്യരൂപത്തിലുൾപ്പെടുന്നു.

തത്വശാസ്ത്രത്തിൽ വ്യക്തിത്വത്തെ വിശേഷിപ്പിക്കുന്നത് ഒരു വ്യക്തിയുടെ സ്വയംഭാവത്തെയാണ്. മനഃശാസ്ത്രം ഇതിനു വിഭിന്നമായ അർത്ഥമാണ് നൽകുന്നത്. വ്യക്തിയുടെ ബാഹ്യരൂപം പോലെതന്നെ സ്വയംഭാവവും ഇതിൽ ഉൾക്കൊള്ളുന്നു.

വ്യക്തിത്വം (Personality) എന്ന വാക്ക് ഉത്ഭവിച്ചത് ലത്തിൻ ഭാഷയായ 'പേർസൊണ' എന്നതിൽ നിന്നാണ്. പ്രാചീന ഗ്രീക്ക് നാടക രംഗങ്ങളിൽ കഥാപാത്രങ്ങളാകുവാൻ നടന്മാർ മുഖാവരണമായി ഉപയോഗിക്കുന്ന 'മാസ്ക്' (മുഖാവരണം) എന്നതാണ് പേർസോണ എന്നതിന്റെ അർത്ഥം.

- വ്യക്തിത്വം എന്നത് വ്യത്യസ്ത സാഹചര്യങ്ങളിൽ ഫലവത്തായും കൃത്യമായും പ്രതികരിക്കുവാനുള്ള വ്യക്തിയുടെ കഴിവാണ്.
- വ്യക്തിത്വം എന്നത് ഓരോ വ്യക്തികളിലും വിഭിന്നമാണ്.

ഒരു വ്യക്തിയുടെ സവിശേഷമായതും വ്യതിരിക്തമായതുമായ ഗുണവിശേഷങ്ങളുടെ ആകെ തുകയാണ് വ്യക്തിത്വം എന്ന് മനസ്സിലാക്കാം.

മറ്റൊരു തരത്തിൽ പേർസണാലിറ്റി എന്നത് വ്യക്തിക്ക് വ്യതിരിക്തമായ പ്രത്യേകതകൾ രൂപപ്പെടുത്തിക്കൊടുക്കുന്ന ചിന്തകളുടെയും സ്വഭാവത്തിന്റെയും അനുഭവത്തിന്റെയും സവിശേഷ ഘടനയാണ്. പൊതുവായി വ്യക്തിത്വത്തെ ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവും ആയ സവിശേഷതകളുടെ ആകെ തുകയായി നിർവ്വചിക്കാം.

മനഃശാസ്ത്ര വിദഗ്ധർ വ്യക്തിത്വത്തെ നിർവ്വചിക്കാൻ ശ്രമിച്ചിട്ടുണ്ട്. അവരുടെ നിർവ്വചനങ്ങൾ വ്യത്യസ്ത രീതിയിലുള്ളതാണ്.

ഈ നിർവ്വചനങ്ങൾ വർഷങ്ങളായി എങ്ങനെ രൂപപ്പെട്ടുവന്നു എന്ന് നിങ്ങൾക്കറിയാൻ താൽപര്യമുണ്ടോ?

- ....

വ്യക്തിത്വ നിർവ്വചനങ്ങൾ രൂപപ്പെട്ടു വന്നത് ആൾപോർട്ട്, വാട്ലർ, മിഷേൽ തുടങ്ങിയ നിരവധി ആളുകളുടെ കൂട്ടായ പ്രയത്നഫലമായിട്ടാണ്.

ജി.ഡബ്ല്യു.ആൽപോർട്ട് (1961) വ്യക്തിത്വത്തെ സംബന്ധിക്കുന്ന 50 ഓളം കാഴ്ചപ്പാടുകൾ പഠന വിധേയമാക്കുകയും തുടർന്ന് താഴെപ്പറയുന്ന നിർവ്വചനത്തിൽ എത്തിച്ചേരുകയും ചെയ്തു.

ജി.ഡബ്ല്യു.ആൽപോർട്ടിന്റെ അഭിപ്രായത്തിൽ ഒരു വ്യക്തിക്ക് തന്റെ ചുറ്റുപാടുമായി നന്നായി പൊരുത്തപ്പെടാൻ സാധ്യമാക്കുന്ന ശാരീരിക മാനസിക ഘടകങ്ങളുടെ ചടുലതയാർന്ന കൂടിച്ചേരലാണ് വ്യക്തിത്വം.

ഒരു വ്യക്തിയെ തന്റെ ജീവിത സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരുവാൻ പ്രാപ്തനാക്കുന്ന ചിന്തകളും വികാരങ്ങളും ഉൾപ്പെടെയുള്ള സ്വഭാവഘടകങ്ങൾ ചേർന്നതാണ് വ്യക്തിത്വം എന്നാണ് വാർട്ടർ മിഷെൽ (1981) പ്രതിപാദിക്കുന്നത്.

ഫീയസ്ററ് & ഫീയസ്ററ് (2009) നിർവ്വചന പ്രകാരം വ്യക്തിയുടെ സ്വഭാവങ്ങൾക്ക് വിശ്വാസ്യതയും വ്യക്തിസവിശേഷതയും നൽകുന്ന സ്ഥായിയായ സ്വഭാവരീതികളെയാണ് വ്യക്തിത്വം എന്നു പറയുന്നത്.

മുകളിൽ പ്രതിപാദിച്ച നിർവ്വചനങ്ങൾ അടിസ്ഥാനമാക്കി വ്യക്തിത്വം എന്നത് താഴെപ്പറയും പ്രകാരം വിശേഷിപ്പിക്കാവുന്നതാണ്.

- അതുല്യമായ
- ചലനാത്മകമായ
- പ്രത്യേകമായ
- തുടർച്ചയായ
- മാററങ്ങൾക്ക് വിധേയമായ
- പഠനങ്ങളുടെ ആകെ തുക
- വ്യക്തിയുടെ ചുററുപാടുമായുള്ള ഇടപെടലുകളിൽ നിന്നുള്ള ഫലം
- പാരമ്പര്യം ചുറ്റുപാട് ഇവയുടെ ഫലം
- പൊരുത്തപ്പെടൽ
- സാഹചര്യങ്ങളുമായി പ്രതികരിക്കുവാനുള്ള വ്യക്തിയുടെ കഴിവ്.

നിങ്ങളെ സ്വാധീനിച്ച ഒരു സുഹൃത്ത് അല്ലെങ്കിൽ ഒരു പുസ്തകം എന്നിവയുടെ പേര് പറയാമോ?

- ....

എപ്രകാരമാണ് നിങ്ങൾ സ്വാധീനിക്കപ്പെട്ടിട്ടുള്ളത്.?

സുഹൃത്ത്, പുസ്തകങ്ങൾ എന്നിവ നിങ്ങളെ സ്വാധീനിക്കുന്നത് പോലെ സമാന രീതിയിൽ വ്യക്തിത്വത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ നമുക്ക് ചർച്ച ചെയ്യാം.

8.2 വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ

നമ്മുടെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന വിവിധ ഘടകങ്ങൾ ഉണ്ട്. നമുക്കവയിൽ ചില ഘടകങ്ങൾ പഠിക്കാം . വ്യക്തിത്വമെന്നത് പാരമ്പര്യത്തിന്റെയും ചുറ്റുപാടിന്റെയും ഉല്പന്നമാണ്. വ്യക്തിയുടെ ബാഹ്യവും ആന്തരികവുമായ വിവിധ ഘടകങ്ങൾ വ്യക്തിത്വത്തെ സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു.

വ്യക്തിയുടെ ജനിതക നിർമ്മിതി, കുടുംബം, വിദ്യാഭ്യാസം, സംസ്ക്കാരം, മതം, മാധ്യമം, സമപ്രായ സംഘം തുടങ്ങിയവയ്ക്ക് വ്യക്തിത്വത്തിൽ സ്വാധീനമുണ്ട്.

1 പാരമ്പര്യം

നമ്മുടെ രക്ഷിതാക്കളിൽ നിന്ന് പൈതൃകമായി ലഭിക്കുന്ന ഘടകങ്ങളാണ് പാരമ്പര്യം.ഈ ഘടകങ്ങൾ വ്യക്തികളിൽ ജനന സമയത്തു തന്നെ കാണപ്പെടുന്നു.ഇവ വ്യക്തിയുടെ വ്യക്തിത്വ വികസനത്തെ സ്വാധീനിക്കുന്നു.

2 ജീവശാസ്ത്രപരമായ ഘടകങ്ങൾ

വ്യക്തിയുടെ ശരീരഘടന നല്ല ആരോഗ്യത്തെ പ്രദാനം ചെയ്യുന്നു. ശാരീരിക പ്രത്യേകതകൾ കൂടുതലുമായി പാരമ്പര്യമായി ലഭിക്കുന്നതാണ്. ഉദാ: ഉയരം, നിറം തുടങ്ങിയവ ജനിതകമായി നിർണ്ണയിക്കപ്പെടുന്നു. ഒരു കുട്ടിക്ക് തന്റെ പൂർവ്വികരുടെ ജീവശാസ്ത്രപരമായ സവിശേഷതകൾ ലഭിക്കുന്നു. ശരീരത്തിലെ വിവിധ അവയവങ്ങൾ പ്രത്യേകിച്ച് നാഡീവ്യവസ്ഥ, അന്തസ്രാവീവ്യവസ്ഥ തുടങ്ങിയവ ഒരാളുടെ വ്യക്തിത്വം നിർണ്ണയിക്കുവാൻ കാരണമാകുന്നുണ്ട്. പിറ്റ്യൂറ്ററി ഗ്രന്ഥി, അഡ്രീനൽ ഗ്രന്ഥി, തൈറോയ്ഡ് ഗ്രന്ഥി, പാൻക്രിയാസ്, ലൈംഗികാവയവങ്ങൾ (Gonads) എന്നിവയാണ് പ്രധാനപ്പെട്ട അന്തസ്രാവീ ഗ്രന്ഥികൾ. ഗ്രന്ഥി സംവിധാനം നമ്മുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നുണ്ട്. കാരണം ഓരോ ഗ്രന്ഥികളും നമ്മുടെ വിവിധ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. ഓരോ ഗ്രന്ഥിയും പുറപ്പെടുവിക്കുന്ന ഹോർമോണുകൾ ശാരീരികവും മാനസികവുമായ ധർമ്മങ്ങളെ സ്വാധീനിക്കുന്നു. നമ്മുടെ എല്ലാ മാനസിക പ്രക്രിയകളെയും നിയന്ത്രിക്കുന്നത് നാഡീവ്യവസ്ഥകളാണ്. ബാഹ്യമായ കാര്യങ്ങളാൽ ശരീരത്തിൽ ചുമത്തപ്പെടുന്ന പട്ടിണി, പോഷകാഹാരക്കുറവ്, മദ്യപാനവും മയക്കുമരുന്നുപയോഗവും, രോഗബാധ തുടങ്ങിയ സാഹചര്യങ്ങളും ഒരാളിന്റെ വ്യക്തിത്വത്തെ സ്വാധീനിക്കാവുന്നതാണ്.

3 മാനസിക ഘടകങ്ങൾ

മാനസിക പ്രത്യേകതകൾ ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ വലിയ അളവിൽ സ്വാധീനിക്കുന്നുണ്ട്. മാനസിക പ്രക്രിയകളായ പ്രേക്ഷണം, പഠനം, ഓർമ്മ, ചിന്ത, സമീപനം, മനോഭാവം, പെരുമാറ്റം തുടങ്ങിയവ വ്യക്തിത്വത്തിന്റെ സഹായഘടകങ്ങളാണ്. ബുദ്ധിശക്തിക്ക് ഒരുവന്റെ വ്യക്തിത്വത്തിൽ പ്രധാന പങ്കുണ്ട്. വൈകാരിക ബുദ്ധിശക്തി സാഹചര്യങ്ങളോട് നല്ല രീതിയിൽ ഇണങ്ങിച്ചേരുവാൻ ഒരുവനെ പ്രാപ്തനാക്കുന്നു.

4 കുടുംബം

കുട്ടിക്കാലത്തുള്ള അനുഭവങ്ങൾ വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളാണ്. കുടുംബത്തിന്റെ സ്വാധീനം കുട്ടിക്കാലത്തു മാത്രമല്ല ജീവിതത്തിൽ വികാസത്തിന്റെ എല്ലാ കാലഘട്ടങ്ങളിലും പ്രാധാന്യമേറിയതാണ്. പരിപാലനം, കുടുംബാന്തരീക്ഷം, ജനനക്രമം, സഹോദരങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയവ വ്യക്തിത്വത്തെ സ്വാധീനിക്കുന്നുണ്ട്.

5 വിദ്യാലയം

കുടുംബം കഴിഞ്ഞാൽ ഒരു വ്യക്തിയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് വിദ്യാലയവും അധ്യാപകരുമാണ്. പഠനനേട്ടങ്ങൾ, അധ്യാപകരുടെ വ്യക്തിത്വം, കൂട്ടുകാരുടെ സ്വാധീനം, വിദ്യാലയാന്തരീക്ഷം, അച്ചടക്ക സംവിധാനം, പാഠ്യപാഠ്യേതര അനുഭവങ്ങൾ, അധ്യാപകരോടും വിദ്യാർത്ഥികളോടുമുള്ള പരസ്പരബന്ധങ്ങൾ തുടങ്ങിയ എല്ലാ ഘടകങ്ങളും വ്യക്തിത്വത്തെ സ്വാധീനിക്കുന്നു.

6 സംസ്ക്കാരം

സംസ്ക്കാരം എന്നത് പങ്കുവയ്ക്കപ്പെട്ട് പഠിച്ചെടുക്കുന്ന സ്വഭാവമാണ്. മൂല്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ആചാരക്രമങ്ങൾ, പരിഷ്ക്കാരങ്ങൾ, രീതികൾ, തുടങ്ങിയവയെല്ലാം സംസ്ക്കാരത്തിന്റെ ഭാഗമാണ്.

ഓരോ വ്യക്തിയും സംസ്ക്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. സംസ്ക്കാരം വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന പ്രധാനപ്പെട്ട ഘടകമാണ്. മൂല്യങ്ങൾ, സമീപനങ്ങൾ തുടങ്ങിയവ ഓരോ സംസ്ക്കാരത്തിന്റേയും സവിശേഷതകളാണ്.

7 മാധ്യമം

ഇക്കാലത്ത് വ്യക്തികൾ മാധ്യമങ്ങളാൽ വളരെയേറെ സ്വാധീനിക്കപ്പെടുന്നുണ്ട്. വ്യക്തിചിന്തകൾ, സമീപനങ്ങൾ, പെരുമാറ്റങ്ങൾ, മൂല്യങ്ങൾ തുടങ്ങിയവ രൂപപ്പെടുത്തുന്നതിൽ മാധ്യമം നിർണ്ണായകമായ ചുമതല വഹിക്കുന്നുണ്ട്. മാധ്യമങ്ങൾ വ്യക്തിത്വ രൂപീകരണത്തിൽ അനുകൂലവും പ്രതികൂലവുമായ ഫലമുളവാക്കുന്നുണ്ട്.

മുകളിൽ പറഞ്ഞതായ ഘടകങ്ങൾ കൂടാതെ വളരെയധികം ഘടകങ്ങൾ വ്യക്തിത്വത്തെ സ്വാധീനിക്കുന്നുണ്ട്. സാമൂഹ്യ സാമ്പത്തികനില, തൊഴിൽ, ദ്രുതഗതിയിലുള്ള സാമൂഹ്യമാറ്റം, അയൽപക്കം, ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ തുടങ്ങിയവ വ്യക്തിത്വ നിർണ്ണയ ഘടകങ്ങളാണ്. അതിനാൽ വ്യക്തിത്വം എന്നത് ധാരാളം ഘടകങ്ങളുടെ സങ്കലനമാണ്.

ചില വ്യക്തിത്വ പരിശോധനകളിലൂടെ നമുക്ക് കണ്ണോടിക്കാം

1. **വസ്തുനിഷ്ഠ രീതികൾ (Objective techniques)**
   a. പേഴ്സണാലിറ്റി ഇൻവെന്ററികളും ചോദ്യാവലിയും
   b. മിന്നിസോട്ട മൾട്ടിഫേസ് പേർസണാലിറ്റി ഇൻവെന്ററി (MMPI)
   c. കാറ്റെലിന്റെ 16 F ചോദ്യാവലി
   d. ഐസെൻക് വ്യക്തിത്വ ചോദ്യാവലി (EPQ)
2. **പ്രൊജക്ടീവ് രീതികൾ (Projective techniques)**
   a. റോഷാക്ക് ഇൻക് ബ്ലോട്ട് ടെസ്റ്റ്
   b. തീമാറ്റിക് അപ്പർസെപ്ഷൻ ടെസ്റ്റ് (TAT)
   c. വാക്യ പൂർത്തീകരണ പരിശോധന
   d. വ്യക്തി ചിത്രീകരണ പരിശോധന
3. **ആത്മനിഷ്ഠാരീതികൾ (Subjective techniques)**
   a. അഭിമുഖം (ഇന്റർവ്യൂ)
   b. നിരീക്ഷണം
   c. സാഹചര്യ പരിശോധന

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. വ്യക്തിത്വം നിങ്ങളുടെ വാക്കുകളിൽ നിർവ്വചിക്കുക?
2. വ്യക്തിത്വത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
3. വ്യക്തിത്വം നിർണ്ണയിക്കുന്ന വിവിധ ഘടകങ്ങളെ വിശദീകരിക്കുക?

നമുക്ക് പ്രവർത്തിക്കാം

ഏതെങ്കിലും രണ്ട് മഹാന്മാരുടെ ചെറുവിവരണം തയ്യാറാക്കുക.

കൗമാരക്കാരുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു. സംവാദം സംഘടിപ്പിക്കുക.

8.3. വ്യക്തിത്വ സിദ്ധാന്തങ്ങൾ

വ്യക്തിത്വം വിശദീകരിക്കുന്നതായി നിരവധി സിദ്ധാന്തങ്ങൾ നിലവിലുണ്ട്. വ്യക്തിത്വം വിശകലനം ചെയ്യുന്നതിനും വ്യാഖ്യാനിക്കുന്നതിനുമായി വ്യത്യസ്ത വീക്ഷണങ്ങൾ നിലവിൽ വന്നിട്ടുണ്ട്. സ്റ്റേജ് തിയറി, ട്രേയ്റ്റ് തിയറി, എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്.

സ്റ്റേജ് തിയറി പറയുന്നത് വ്യക്തിത്വം നിശ്ചിത പുരോഗമന ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു എന്നാണ്

ചില പ്രധാനപ്പെട്ട സ്റ്റേജ് തിയറികൾ താഴെപ്പറയുന്നവയാണ്.

A. മനോവിശ്ലേഷണ സിദ്ധാന്തം - സിഗ്മണ്ട് ഫ്രോയ്ഡ്
(Psycho Analytic Theory of Personality)

B. മാനസിക സാമൂഹ്യവികസന സിദ്ധാന്തം -എറിക് എറിക്സൺ
(Theory of Psycho Social development)

C. സംജ്ഞാന വികസന സിദ്ധാന്തം
(Cognitive Development theory) - ജീൻ പിയാഷെ

വ്യക്തിത്വമെന്നത് അനേകം ഗുണങ്ങൾ അല്ലെങ്കിൽ പ്രത്യേകതകൾ ചേർന്ന് രൂപപ്പെടുത്തിയിരിക്കുന്നുവെന്നാണ് ട്രെയ്റ്റ് തിയറി പ്രതിപാദിക്കുന്നത്.

ഉദാ:- ജി.ഡബ്ല്യു ആൽപോർട്ടിന്റെ വർഗ്ഗീകരണം, കാറ്റിലിന്റെ വർഗ്ഗീകരണം.

താഴെ പറയുന്ന ഭാഗം 3 പ്രധാനപ്പെട്ട സ്റ്റേജ് തിയറികൾ വിശദീകരിക്കുന്നു.

A. വ്യക്തിത്വത്തിന്റെ മനോവിശ്ലേഷണ സിദ്ധാന്തം - സിഗ്മണ്ട് ഫ്രോയ്ഡ്
(Psycho Analytic Theory of Personality)

ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവ് ആരാണെന്ന് നിങ്ങൾക്കറിയാമോ?

- ....

സിഗ്മണ്ട് ഫ്രോയ്ഡാണ്. അദ്ദേഹം മനുഷ്യ വ്യക്തിത്വത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

സിഗ്മണ്ട് ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തത്തിന് 3 ഭാഗങ്ങൾ ഉണ്ട്.

a. വ്യക്തിത്വ ചലനാത്മക സിദ്ധാന്തം (Theory of Personal Developmemt)

b. വ്യക്തിത്വഘടനാ സിദ്ധാന്തം (Theory of Personality Structure)

c. മനോലൈംഗിക സിദ്ധാന്തം (Theory of Psycho-Sexual Development)

നിങ്ങൾക്കറിയാമോ?

സിഗ്മണ്ട് ഫ്രോയ്ഡ്



ജനനം (06 മെയ് 1856) മൊറാവിയ എന്ന സ്ഥലത്ത്. മരണം (23 സെപ്തംബർ 1939) ലണ്ടൻ. വിയന്ന യൂണിവേഴ്സിറ്റിയിൽ നിന്ന് മെഡിക്കൽ ബിരുദം പൂർത്തീകരിച്ചു. ന്യൂറോളജിയിൽ ഉള്ള താല്പര്യം നാഡീരോഗ ചികിത്സയിൽ പ്രാവീണ്യം നേടാൻ പ്രചോദനമായി. 19.ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ വ്യക്തിത്വ സിദ്ധാന്തങ്ങൾ വികസിപ്പിച്ചു. അത് മനോവിശ്ലേഷണ സിദ്ധാന്തം എന്നറിയപ്പെടുന്നു. അദ്ദേഹത്തെ ആധുനിക മനശാസ്ത്രത്തിന്റെ പിതാവ് എന്നു വിളിക്കുന്നു. തന്റെ രോഗികളെ നിരീക്ഷിച്ചുകൊണ്ടാണ് മനോവിശ്ലേഷണ സിദ്ധാന്തം രൂപീകരിച്ചത്

a. വ്യക്തിത്വ ചലനാത്മക സിദ്ധാന്തം (Theory of Personality Dynamics)

ഈ സിദ്ധാന്തത്തിൽ ഫ്രോയിഡ് മനുഷ്യമനസ്സിന്റെ അബോധതലത്തെ കുറിച്ചാണ് വിശദീകരിക്കുന്നത്.മാനസിക പ്രക്രിയ വിശദീകരിക്കാൻ അദ്ദേഹം സൈക്കോ ഡയനാമിക്സ് എന്ന പദം ഉപയോഗിച്ചു. ഫ്രോയിഡിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ

മനസ്സിന് മൂന്നു ബോധതലങ്ങളുണ്ട്. ബോധതലം (Conscious), ഉപബോധതലം (Pre-conscious or Sub-conscious), അബോധതലം (Unconscious) എന്നിങ്ങനെ. ഏത് സമയത്തും നമ്മളറിയുന്ന അവസ്ഥയാണ് ബോധതലം. ഉപബോധം എന്നത് വ്യക്തിയുടെ ഇപ്പോൾ ശ്രദ്ധയിൽ ഇല്ലാത്തതും എളുപ്പത്തിൽ ബോധത്തിലേക്ക് കൊണ്ടുവരാവുന്നതുമായതലമാണ്. അബോധതലത്തിലുള്ള കാര്യങ്ങൾ വ്യക്തിയുടെ അറിവിൽ ഉണ്ടായിരിക്കുകയില്ല. സ്വപ്രയത്നത്താൽ വ്യക്തിക്ക് ഈ അറിവ് നേടാനും സാധിക്കുന്നില്ല. ഒരു വ്യക്തിയുടെ വ്യക്തിത്വം നിർണ്ണയിക്കുന്നതിന്റെ പ്രധാന തലമാണ് അബോധതലം എന്നാണ് ഫ്രോയിഡ് വിശ്വസിക്കുന്നത്. അബോധതലത്തിലുള്ള കാര്യങ്ങൾ പുറത്തുകൊണ്ടു വരുന്നത് ഒരു വ്യക്തിയുടെ വ്യക്തിത്വം മനസ്സിലാക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന് ഫ്രോയിഡ് കരുതുന്നു. ഫ്രോയിഡ് മനുഷ്യന്റെ മനോമണ്ഡലത്തെ ഒഴുകി നടക്കുന്ന മഞ്ഞുകട്ടയോട് ഉപമിക്കുന്നു.

താഴെ കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിക്കുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുക?

- ....



b. വ്യക്തിത്വ ഘടനാ സിദ്ധാന്തം (Theory of Personality Structure)

വ്യക്തിത്വ ഘടനാ സിദ്ധാന്തത്തിൽ ഫ്രോയിഡ്, വ്യക്തിത്വഘടനയിൽ ഇദ്, ഈഗോ, സൂപ്പർ ഈഗോ എന്നീ 3 ഭാഗങ്ങളുണ്ടെന്ന് പ്രതിപാദിക്കുന്നു. ഓരോ ഘടനയ്ക്കും അതിന്റേതായ ധർമ്മവും പ്രത്യേകതകളും ഉണ്ട്. ഈ മൂന്ന് ഘടകങ്ങളുടേയും പരസ്പര സമ്പർക്കത്തിന്റെ ഉൽപ്പന്നമാണ് മനുഷ്യന്റെ വ്യക്തിത്വം.

ഇദ് (Id)

ജീവശാസ്ത്രപരമായ സഹജ വാസനകളും ഉൾപ്രേരണകളും ആണ് ഇതിൽ ഉൾപ്പെടുന്നത്. ആനന്ദ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഇത് പ്രവർത്തിക്കുക. അടിസ്ഥാന പ്രചോദനങ്ങളായ വിശപ്പ്, ദാഹം, ലൈംഗികത തുടങ്ങിയവയുടെ കലവറയാണ് ഇദ്. മാനസിക ഊർജ്ജത്തിന്റെ/ ലിബിഡിനൽ (Libidinal) ഊർജ്ജത്തിന്റ സംഭരണിയായും ഇദ് അറിയപ്പെടുന്നു. ഫ്രോയിഡിന്റെ നിഗമനത്തിൽ മനുഷ്യനിൽ നിക്ഷിപ്തമായിരിക്കുന്ന വ്യക്തിയാധിഷ്ഠിത അനുഭവങ്ങളെ പ്രതിനിധാനം ചെയ്യുന്ന "ശരിയായ മാനസിക യാഥാർത്ഥ്യതലമാണ്" (true psychic reality) ഇദ്. കാരണം ഇദ് വസ്തുനിഷ്ഠ

യാഥാർത്ഥ്യങ്ങളില്ലാത്ത വ്യക്തിനിഷ്ഠ അനുഭവങ്ങളുടെ ആന്തരിക ലോകത്തെയാണ് സൂചിപ്പിക്കുന്നത്.

ഈഗോ

ഈഗോ എന്നത് യാഥാർത്ഥ്യതത്വം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്. കുട്ടിയിൽ അവന്റെ പ്രചോദനങ്ങളും അഭിലാഷങ്ങളും പൂർത്തികരിക്കപ്പെടുവാൻ പ്രയത്നിക്കുമ്പോഴാണ് ഈഗോ രൂപപ്പെട്ടുവരുന്നത്. ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനായി പക്വതയുള്ള തീരുമാനങ്ങൾ എടുക്കുവാൻ ഈഗോ ഒരുവനെ പ്രാപ്തമാക്കുന്നു. ഇദ്, സൂപ്പർ ഈഗോ എന്നിവയുടെ മധ്യസ്ഥമായി ഈഗോ പ്രവർത്തിക്കുന്നു. വ്യക്തിത്വത്തിന്റെ നിർവ്വഹണമാണ് ഈഗോയ്ക്കുള്ളത്. കാരണം ഈഗോ വ്യക്തിയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു. വ്യക്തിയെ യാഥാർത്ഥ്യവുമായി ബന്ധപ്പെട്ട് നിർത്തുവാൻ ഈഗോ സഹായിക്കുന്നു. സൂപ്പർ ഈഗോയുടെ താൽപര്യങ്ങൾ തടസ്സപ്പെടുത്താതെ ഇദ് തലത്തിലുള്ള അഭിലാഷങ്ങൾ പൂർത്തീകരിക്കുവാൻ വ്യക്തിയെ പ്രാപ്തനാക്കുന്നു.

സൂപ്പർ ഈഗോ

സൂപ്പർ ഈഗോ പ്രവർത്തിക്കുന്നത് സദാചാര തത്വം മുൻനിർത്തിയാണ്. മനസ്സിന്റെ സദാചാരപരവും സാംസ്ക്കാരികപരവുമായ ഭാവമാണ് സൂപ്പർ ഈഗോ. കുട്ടികളിൽ ഈ മനോഭാവം രൂപപ്പെടുന്നത് രക്ഷിതാക്കൾ, അധ്യാപകർ,മതം എന്നിവയോടുള്ള ഇടപെടലുകളിലൂടെയാണ്. സൂപ്പർ ഈഗോയുടെ പ്രധാന ഉദ്ദേശം ഒരു കാര്യം ശരിയോ തെറ്റോ എന്ന് തീരുമാനിക്കപ്പെടുക എന്നതാണ്.

സൂപ്പർ ഈഗോക്ക് രണ്ട് പ്രധാന ഭാഗങ്ങളുണ്ട്:

1. കോൺഷിയൻസ്, 2. ഈഗോ ഐഡിയൽ (Edo-ideal)

ധാർമികപരമായി തെറ്റായ പ്രവൃത്തികൾ ചെയ്യുന്നത് തടയുന്ന സൂപ്പർ ഈഗോയുടെ ഭാഗമാണ് കോൺഷിയൻസ്. ധാർമ്മികമായി ശരിയായ പ്രവൃത്തികൾ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന സൂപ്പർ ഈഗോയുടെ ഭാഗമാണ് ഈഗോ ഐഡിയൽ.

c. മനോ-ലൈംഗിക വികസന സിദ്ധാന്തം

(Theory of Psycho-Sexual Development)

താഴെക്കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിക്കുക.



പെൺകുട്ടികൾ അച്ഛനോടും ആൺകുട്ടികൾ അമ്മയോടും കൂടുതൽ ഇടപെടുന്നതായി കാണപ്പെടുന്നില്ലേ ?

മനോലൈംഗികവികാസസിദ്ധാന്തം വ്യക്തിത്വ വികസന പ്രക്രിയകളെ വിശദീകരിക്കുന്നു. വ്യക്തി വികസനത്തിൽ ബാല്യകാലം വളരെ നിർണ്ണായകമായ ഒരു കാലഘട്ടമാണെന്ന് ഫ്രോയ്ഡ് നിരീക്ഷിക്കുന്നു. ഓരോ വളർച്ചാ ഘട്ടങ്ങളിലും ഉള്ള ആഗ്രഹ സഫലീകരണം വ്യക്തിത്വ രൂപീകരണത്തിന് പ്രാധാന്യമേറിയതാണ്. മനോലൈംഗികവികാസസിദ്ധാന്ത പ്രകാരം ലിബിഡോ (Libido) എന്നത് ഒരു പ്രത്യേക ഊർജ്ജമാണ്. ഇത് മനുഷ്യന്റെ പെരുമാറ്റങ്ങളെ മുന്നോട്ടു കൊണ്ടു പോകുന്ന ശക്തിയായി പ്രവർത്തിക്കുന്നു. ലിബിഡോ ഒരുവനിൽ ആനന്ദം തിരഞ്ഞു കൊണ്ടേയിരിക്കുന്നു. അബോധതലത്തിലെ അക്രമോൽസുകമായ ലൈംഗിക തൃഷ്ണകളും (ലിബിഡോ) ഈ തൃഷ്ണകളെ നിയന്ത്രിക്കാനുള്ള സാമൂഹ്യ പ്രേരണകളും തമ്മിലുള്ള മത്സരങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതിന്റെ ഫലമായാണ് വ്യക്തിത്വ വികസനം നടക്കുന്നത്.

ലിബിഡോ എല്ലാ ജീവജാലങ്ങളിലും കാണപ്പടുന്നതായി ഫ്രോയിഡ് ഊന്നിപ്പറയുന്നു. ഇത്തരത്തിലുള്ള ലിബിഡിനൽ ഊർജ്ജം വ്യക്തികളുടെ ചില ശരീരഭാഗങ്ങളിൽ കേന്ദ്രീകരിക്കുന്നു. ഇത്തരത്തിലുള്ള ഊർജ്ജ കേന്ദ്രങ്ങളെ 'ഇറോജീനസ് സോണുകൾ' എന്നറിയപ്പെടുന്നു. വ്യക്തികൾ വളരുമ്പോൾ ഈ ലിബിഡിനൽ സോൺ ശരീരത്തിന്റെ ഒരു ഭാഗത്തുനിന്ന് മറ്റൊരു ഭാഗത്തേക്ക് സഥാനം മാറുന്നു. പ്രധാനമായും 5 മനോ വികസന തലങ്ങളാണ് ഫ്രോയിഡ് മുന്നോട്ടു വച്ചത്. അവ താഴെപ്പറയും പ്രകാരമാണ്.

i. വദന കാലഘട്ടം (Oral stage) (ജനനം മുതൽ 2 വയസ്സ് വരെ)

ഈ കാലഘട്ടത്തിൽ വദനം ആനന്ദത്തിന്റെ കേന്ദ്രം (ഇറോജീനസ് സോൺ) ആയി പ്രവർത്തിക്കുന്നു. കുട്ടി വായുടെ പ്രവർത്തനങ്ങളായ ഇറുമ്പി കുടിക്കുക, കടിക്കുക, ചവയ്ക്കുക തുടങ്ങിയ പ്രർത്തനങ്ങളിൽ ആനന്ദം കണ്ടെത്തുന്നു. കുട്ടിക്ക് തന്റെ വളർച്ചാ ഘട്ടത്തിൽ കൂടുതൽ അളവിലോ കുറഞ്ഞ അളവിലോ വദന ഉത്തേജനം ലഭിച്ചിട്ടുണ്ടെങ്കിൽ 'ഫിക്സേഷൻ' രൂപപ്പെടാൻ സാധ്യത ഉണ്ട്. ഇത്തരത്തിലുള്ള വ്യക്തികൾ വായ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിൽ ഭാവി കാലഘട്ടത്തിൽ മുഴുകുന്നതായി കാണപ്പെടുന്നു. ഉദാഹരണമായി നഖം കടിക്കുന്ന ശീലം, പുകവലിക്കുക, അമിതമായി ഭക്ഷണം കഴിക്കുക, മദ്യപാനശീലം.

ii. ഗുദ കാലഘട്ടം (Anal stage) (2 മുതൽ 3 വയസ്സ് വരെ)

ഈ കാലഘട്ടത്തിൽ ഗുദ (anal) ഭാഗങ്ങൾ കുട്ടിയുടെ ആനന്ദ കേന്ദ്രങ്ങളായി മാറുന്നു. കുട്ടിക്ക് വിസർജ്യങ്ങൾ പിടിച്ചുവയ്ക്കുക, പുറത്തുകളയുക തുടങ്ങിയ അനുഭവങ്ങളിലൂടെ ആനന്ദ പൂർത്തീകരണം ലഭിക്കുന്നു. ഈ പ്രായത്തിൽ ശരിയായ ശൗചാലയ ശീലങ്ങൾ രക്ഷിതാക്കൾ കുട്ടികളിൽ വളർത്തിയെടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം കുട്ടികളിൽ ഫിക്സേഷൻ സംഭവിക്കുന്നു. കുട്ടി ഈ കാലഘട്ടത്തിൽ ഫിക്സേഷന് വിധേയമായാൽ പരിപൂർണ്ണത, അമിത ശുചിത്വം എന്നിവയ്ക്കായി നിരന്തരം ശ്രമിക്കുന്ന അവസ്ഥയിൽ അവൻ/അവൾ എത്തിച്ചേരും.

iii. ഫാലിക് ഘട്ടം (Phallic Satge) (3 മുതൽ 5 വയസ്സ്)

ഈ കാലഘട്ടത്തിൽ ആനന്ദ കേന്ദ്രം ജനനേന്ദ്രിയ ഭാഗങ്ങളിലേക്ക് മാറ്റപ്പെടുന്നു. ഈ ഘട്ടത്തിൽ കുട്ടികൾ ലൈംഗികതയെക്കുറിച്ച് ബോധമുള്ളവരാവുകയും എതിർ ലിംഗത്തിൽപ്പെട്ട രക്ഷിതാക്കളോട് ശക്തമായ ലൈംഗിക അടുപ്പം രൂപപ്പെടുന്നതായും കാണാം. രണ്ട് തരം മാനസിക സങ്കീർണ്ണതകൾ കുട്ടികളിൽ രൂപപ്പെടുന്നതായി ഫ്രോയിഡ് നിരീക്ഷിക്കുന്നു. ഈഡിപ്പസ് (Oedipus) കോംപ്ലക്സും ഇലക്ട്രാ (Electra) കോംപ്ലക്സും.

ഈഡിപ്പസ് കോംപ്ലക്സ് ആൺകുട്ടികളിൽ രൂപപ്പെടുന്നു. ആൺകുട്ടികളിൽ മാതാവിനോടുണ്ടാകുന്ന ആകർഷണീയതയാണ് ഈഡിപ്പസ് കോംപ്ലക്സ്. ഇലക്ട്രാ കോംപ്ലക്സ് പെൺകുട്ടികളിൽ കാണപ്പെടുന്നു. പെൺകുട്ടിക്ക് അച്ഛനോട് തോന്നുന്ന ആകർഷണീയതയാണ് ഇലക്ട്രാ കോംപ്ലക്സ്. തന്റെ ഈ കാലഘട്ടത്തിലുള്ള ഫിക്സേഷൻ ലൈംഗിക വ്യതിയാനങ്ങളിലേക്കോ ലൈംഗിക വ്യക്തിത്വത്തെക്കുറിച്ചുള്ള ആശയക്കുഴപ്പത്തിലേക്കോ നയിക്കുന്നു.

iv. ലേറ്റൻസി ഘട്ടം (Latency stage) (6 വയസ്സ് മുതൽ കൗമാര ആരംഭ കാലം വരെ)

ഈ കാലഘട്ടത്തിൽ വ്യക്തിയുടെ ഇറോജീനസ് സോണുകളുടെ പ്രാധാന്യം കുറയുന്നു. കുട്ടി തന്റെ ശരീരത്തിന് വലിയ പരിഗണന നൽകുന്നില്ല. തന്റെ അതേ ലിംഗ വിഭാഗക്കാരുമായി കളികളിൽ ഏർപ്പെട്ട് സമയം ചെലവഴിക്കുകയും തന്റെ മാതാവിനോടോ പിതാവിനോടോ (പെൺകുട്ടി മാതാവിനോടും, ആൺകുട്ടി പിതാവിനോടും) ഉള്ള അടുപ്പം കൂടുതൽ കാണിക്കുകയും ചെയ്യുന്നു. അബോധതലത്തിലുള്ള ആഗ്രഹങ്ങളും ചിന്തകളും ഈ കാലഘട്ടത്തിൽ അടിച്ചമർത്തപ്പെട്ടിരിക്കും.

v. ജനിറ്റൽ ഘട്ടം (Genital stage) (കൗമാര കാലഘട്ടം മുതൽ)

ലൈംഗിക വളർച്ചയും ഹോർമോൺ വ്യതിയാനങ്ങളും ഈ കാലഘട്ടത്തിൽ എതിർ ലിംഗ താല്പര്യങ്ങൾ വളർത്തുന്നു. ഈ ഘട്ടത്തിൽ സമൂഹം അംഗീകരിക്കുന്ന തരത്തിൽ എതിർ ലിംഗത്തിൽപ്പെട്ടവരുമായി പക്വതയുള്ള ബന്ധത്തിലൂടെ ആനന്ദം കണ്ടെത്തുന്നു. പരിപക്വവും സാമൂഹ്യമര്യാദകൾക്ക് യോജിക്കാത്ത രീതിയിലുമുള്ള ലൈംഗിക ബന്ധം രൂപപ്പെടുന്നവരെ പൊരുത്തക്കേടുകളുള്ള വ്യക്തികളായി പരിഗണിക്കുന്നു.

ഫിക്സേഷൻ

ഒരു പ്രത്യേക കാലഘട്ടത്തിൽ ലിബിഡോ തടയപ്പെടുന്നതിനെയാണ് ഫിക്സേഷൻ എന്നു പറയുന്നത്. ഒരു ഘട്ടത്തിൽ നിന്നും മറ്റൊരു ഘട്ടത്തിലേക്ക് സാധാരണ രീതിയിൽ വികസിക്കാനുള്ള കഴിവില്ലായ്മയുടെ പരിണിതഫലമാണിത്. ഒരു കുട്ടി മുതിർന്ന് വരുമ്പോൾ മുൻ കാലങ്ങളിൽ മതിയായി ലഭിക്കാതിരുന്ന അല്ലെങ്കിൽ അമിതമായി പൂർത്തീകരിച്ച ലിബിഡോയുടെ ആവശ്യങ്ങൾ ഫിക്സേഷനായി മാറാനുള്ള പ്രവണത ഉണ്ടാവും.

ഉദാഹരണത്തിന് വദന കാലഘട്ടത്തിലെ ഫിക്സേഷനുകൾ അമിതഭക്ഷണം, മദ്യപാനം, പുകവലി, തുടങ്ങിയവയാവാം. ശരിയായ വ്യക്തിത്വ വികസനത്തിന് ഫിക്സേഷൻ തടസ്സമാകാറുണ്ട്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. മനുഷ്യ വ്യക്തിത്വം 'ഇദ്' 'ഈഗോ' 'സൂപ്പർ ഈഗോ' ഇവയുടെ സഹവർത്തിത്വത്തിന്റെ ഫലമാണ് - നിങ്ങളുടെ അഭിപ്രായം പറയുക?
2. ഫിക്സേഷൻ എന്താണെന്ന് വിശദമാക്കുക?

നമുക്ക് പ്രവർത്തിക്കാം

നിങ്ങളുടെ വിദ്യാലയ മാഗസീനിൽ പ്രസിദ്ധീകരിക്കുന്നതിനായി വ്യക്തിത്വ ഡയനാമിക്സിനെ കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക. ഇന്റർനെറ്റ് പോലുള്ള വിവിധ മാർഗ്ഗങ്ങളിൽ നിന്ന് കൂടുതൽ വിവരങ്ങൾ ഇതിനായി കണ്ടെത്തുക.

സിഗ്മണ്ട് ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തത്തിന്റെ പ്രസക്തിയെ ആസ്പദമാക്കി ഒരു സെമിനാർ തയ്യാറാക്കുക.

പ്രതിരോധ സംവിധാനം (Defence Mechanism)

പ്ലസ് ടു പഠനത്തിനു ശേഷം അമൽ ഇന്ത്യയിലെ മുൻനിര എഞ്ചിനീയറിംഗ് കോളേജിൽ ചേർന്നു പഠിക്കുവാൻ ആഗ്രഹിച്ചിരുന്നു. പക്ഷെ പ്രതീക്ഷിച്ച മാർക്ക് ലഭിക്കാത്തതിനാൽ താരതമ്യേന അപ്രധാനമായ സ്ഥാപനത്തിൽ അവന് പഠിക്കേണ്ടി വന്നു. തനിക്ക് അവിടെ ചേർന്നു പഠിക്കുവാൻ കഴിഞ്ഞത് കൊണ്ട് വീട്ടിൽ നിന്നു ദിവസേന വന്നു പോയി പഠിക്കുവാൻ ഉള്ള സൗകര്യം ലഭിക്കുന്നു എന്നും അത് വളരെ നന്നായി എന്നും അവൻ തന്റെ സുഹൃത്തുക്കളോട് പറഞ്ഞു.

അമൽ ഇത്തരത്തിൽ പ്രതികരിച്ചത് എന്തു കൊണ്ടെന്നാണ് നിങ്ങൾ കരുതുന്നത്?

- ....

പ്രതീക്ഷിച്ച മാർക്ക് ലഭിക്കാത്തതിനാൽ അമൽ സ്വയം ബോധ്യപ്പെടുത്തുകയും പ്രതിരോധിക്കുകയും ചെയ്യുകയാണ്. നമ്മൾ ദൈനംദിന ജീവിതത്തിൽ ഇത്തരത്തിലുള്ള പ്രതിരോധമുറകൾ സ്വീകരിക്കാറുണ്ട്. ഇത് പ്രതിരോധ സംവിധാനം എന്നറിയപ്പെടുന്നു.

പ്രതിരോധ സംവിധാനം എന്ന പദം ആദ്യമായി മുന്നോട്ടു വച്ചത് സിഗ്മണ്ട് ഫ്രോയ്ഡ് ആണ്. എല്ലാ തരത്തിലുള്ള സമ്മർദങ്ങളും വ്യക്തികളുടെ മാനസിക സന്തുലനാവസ്ഥയെ തകരാറിലാക്കാറുണ്ട്. പക്ഷെ മനുഷ്യമനസ്സ് സ്വാഭാവികമായ ചില മാർഗങ്ങളിലൂടെ സന്തുലനാവസ്ഥ തിരിച്ചുകൊണ്ടുവരുന്നു. അതിനുള്ള മാനസിക കഴിവ് വ്യക്തി സ്വയം നേടിയെടുക്കുന്നു.

വേദനാ ജനകമായതും ആശങ്കകൾ ഉണ്ടാക്കുന്നതുമായ സാഹചര്യങ്ങളെ തടഞ്ഞുനിർത്താൻ ഈഗോ മനസ്സ് അവലംബിക്കുന്ന സ്വാഭാവികമായ സ്വയം പ്രതിരോധ തന്ത്രങ്ങളാണ് പ്രതിരോധ സംവിധാനം. പ്രതിരോധ സംവിധാനം വ്യക്തിയുടെ മനസ്സിൽ അപായ സൂചനയുള്ളപ്പോൾ അതിന് സംരക്ഷണം നൽകുന്നു.

താഴെപ്പറയുന്നവ ചില സർവസാധാരണമായ പ്രതിരോധ മുറകളാണ്.

1 ***പ്രതിക്രിയാ സംവിധാനം (Reaction formation)***

വേദനായുളവാക്കുന്ന അപകടകരമായ ചിന്തകൾ, അനുഭവങ്ങൾ, പ്രചോദനങ്ങൾ എന്നിവയെ നേർവിപരീതമായ രീതിയിലേക്കു മാറ്റിക്കൊണ്ടുള്ള സ്വയം പ്രതിരോധ മുറയാണിത്.

ഉദാ:-രാത്രിയിൽ തനിച്ച് നടക്കേണ്ടിവരുമ്പോൾ ഇരുട്ടിനെ പേടിയുള്ള കുട്ടി, പേടി ഇല്ലാതാകുവാൻ ഉറക്കെ പാടുന്നത്.

2 ***അന്യാരോപണം (Projection)***

ഒരാൾക്ക് അംഗീകരിക്കുവാൻ സാധിക്കാത്ത ചിന്തകളോ അനുഭവങ്ങളോ മറ്റൊരാളിലേക്ക് ചുമത്തുന്നതാണ് ആരോപണം. ഒരാൾ തന്റെ പരാജയത്തിന്റെ ഉത്തരവാദിത്വം മറ്റുള്ളവരുടെ മേൽച്ചുമത്തുന്ന സ്വഭാവമാണ് അന്യാരോപണം.

ഉദാ:- ടെന്നീസ് കളിക്കാരൻ പന്ത് നെറ്റിലടിക്കുമ്പോൾ തന്റെ ടെന്നീസ് റാക്കറ്റിന് എന്തോ തകരാറ് സംഭവിച്ച രീതിയിൽ പെരുമാറുന്നത്.

3. ***യുക്തീകരണം (Rationalization)***

തന്റെ കുറവുകളും പരാജയങ്ങളും ന്യായീകരിക്കുന്നതിനായി സ്വയം രക്ഷയ്ക്ക് വേണ്ടി തെറ്റായ വിശദീകരണങ്ങൾ കണ്ടെത്തുന്നതിനെ യുക്തീകരണം എന്നു പറയുന്നു. യുക്തീകണം രണ്ട് തരത്തിലുണ്ട്:

പുളിക്കും മുന്തിരിങ്ങാ യുക്തി

ഒരു വ്യക്തി തന്റെ ലക്ഷ്യം നേടുന്നതിൽ പരാജയപ്പെടുമ്പോൾ വിവിധ കാര്യങ്ങൾ കൊണ്ടാണെന്ന് കുറ്റം കണ്ടെത്താൻ ശ്രമിക്കുന്നു.

ഉദാ:-പരീക്ഷയിൽ വളരെ കുറവ് മാർക്ക് ലഭിച്ച വിദ്യാർത്ഥി അധ്യാപകനെയോ ചോദ്യപേപ്പറിനെയോ കുറ്റം പറയുന്നത്.

മധുര നാരങ്ങാ യുക്തി

തന്റെ നേട്ടത്തിൽ സംതൃപ്തനല്ലാത്ത ഒരാൾ മാനസിക സന്തുലിതാവസ്ഥയ്ക്ക് വേണ്ടി ആ അവസ്ഥയെ സന്തോഷമായി സ്വീകരിക്കുന്നു.

ഉദാ- സെയിൽസ് മാൻ ജോലി ചെയ്യുന്ന എഞ്ചിനീയറിംഗ് ബിരുദധാരിയായ ഒരാൾ സംതൃപ്തനല്ലെങ്കിലും പുറമെ സന്തുഷ്ടനാണെന്ന് വാദിക്കുന്നു.

4. അടിച്ചമർത്തൽ (Repression)

അസുഖകരമായ അനുഭവങ്ങളെയും ചിന്തകളെയും ഭാവങ്ങളെയും അബോധ മനസ്സിലേക്ക് തള്ളി വിടുന്ന പ്രക്രിയാണ് അടിച്ചമർത്തൽ.

ഉദാ:- കുട്ടിക്കാലത്തെ വേദനാജനകമായ സംഭവങ്ങൾ ഓർമ്മിക്കാൻ നിർബന്ധിച്ചാൽ മാത്രമേ അവൻ ഓർക്കാൻ ആഗ്രഹിക്കുകയുള്ളൂ.

5. സ്ഥാനാന്തരം (Displacement)

അസുഖകരമായ ചിന്തകൾ, അനുഭവങ്ങൾ മറ്റൊരു വ്യക്തിയിലേക്കോ വസ്തുവിലേക്കോ സ്ഥാനമാറ്റം നടത്തുന്നതിനെയാണ് 'സ്ഥാനാന്തരം' എന്നു പറയുന്നത്. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന മനോഭാവമാണിത്.

ഉദാ:- മോശം പ്രകടനത്തിന് അധ്യാപകന്റെ ശകാരം ക്ലാസ്സിൽ നിന്ന് കേൾക്കാനിടയായ വിദ്യാർത്ഥി വീട്ടിൽ വന്ന് അമ്മയോട് കലഹിക്കുന്ന സ്വഭാവം.

6. പ്രതിഗമനം (Regression)

ഉൾക്കൊള്ളാൻ കഴിയാത്ത ചിന്തകളും അനുഭവങ്ങളും നേരിടേണ്ടിവരുമ്പോൾ വികാസത്തിന്റെ പൂർവഘട്ടത്തിലേക്കുള്ള തിരിച്ചുപോക്കാണ് പ്രതിഗമനം.

ഉദാ:- 16 വയസ്സുള്ള വിദ്യാർത്ഥി ശകാരം കേൾക്കുമ്പോൾ പിഞ്ചു കുഞ്ഞിനെ പോലെ പൊട്ടിക്കരയുന്ന സ്വഭാവം.

7 ഉദാത്തീകരണം (Sublimation)

അസ്വീകാര്യമായ ചിന്തകളും വികാരങ്ങളും സ്വീകാര്യമായ തരത്തിൽ തിരിച്ചു വിടുന്നതാണ് ഉദാത്തീകരണം.

കുട്ടികളില്ലാത്ത സ്ത്രീ ഹോസ്റ്റൽ ചുമതലയിലോ അതോ SOS ഗ്രാമ പ്രവർത്തനങ്ങളിലോ താല്പര്യം കാണിക്കുന്നത് മാതൃവാസന തിരിച്ചു വിടുന്നതിന് ഉദാഹരമാണ്.

8. ന്യൂനതമറയ്ക്കൽ (Compensation)

ഒരു വ്യക്തി തന്റെ ഒരു മേഖലയിലുള്ള ന്യൂനത മറച്ചു വയ്ക്കുന്നതിനായി മറ്റൊരു മേഖലയിൽ തന്റെ കഴിവ് ഉയർത്തി കാണിക്കുന്നതാണ് ന്യൂനതമറയ്ക്കൽ. പഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന കുട്ടി കായിക പ്രവർത്തനങ്ങളിൽ വൈഭവം കാണിക്കുന്നത് ഉദാഹരമാണ്.

9. ***നിഷേധം (Denial)***

യാഥാർത്ഥ്യം അംഗീകരിക്കാത്ത യുക്തിബോധത്തെയാണ് നിഷേധം എന്നു പറയുന്നത്. തങ്ങളുടെ ദൈനംദിന ജീവിതത്തിൽ പല ആളുകളും ഈ രീതി വേദനാജനകമായ വികാരങ്ങൾ ഒഴിവാക്കുവാൻ ഉപയോഗിക്കുന്നു.

തന്റെ നല്ല ആരോഗ്യം ചൂണ്ടി കാട്ടിക്കൊണ്ട് മദ്യപാനിയായ വ്യക്തി മദ്യപാനം കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ നിഷേധിക്കുന്നത് ഇതിനുദാഹരണമാണ്.

10 ***അഭിനയിക്കുക (Acting out)***

ഒരു വ്യക്തി തന്റെ ചിന്തകളും മനോഭാവങ്ങളും പ്രകടിപ്പിക്കുവാൻ അതിരൂക്ഷമായ സ്വഭാവരീതികൾ കാണിക്കുന്നതാണിത്.

ഒരു വ്യക്തിയോടുള്ള അരിശം വാക്കുകളിൽ പ്രകടിപ്പിക്കാതെ അയാൾക്ക് നേരെ എന്തെങ്കിലും വസ്തു വലിച്ചെറിയുന്നത് ഈ പ്രതിരോധ മുറയ്ക്കുദാഹരണമാണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1 പ്രതിരോധ സംവിധാനത്തെ കുറിച്ച് ഒരു ചാർട്ട് തയ്യാറാക്കുക?

2 'യുക്തീകരണം' എന്ന വാക്കിനെ വിശദീകരിക്കുക.

3 'അന്യാരോപണം' എന്ന ആശയം വിവരിക്കുക?

നമുക്ക് പ്രവർത്തിക്കാം

- *നിങ്ങളുടെ സുഹൃത്തുക്കൾ തങ്ങളുടെ ദൈനംദിന ജീവിതത്തിൽ സ്വീകരിക്കുന്ന പ്രതിരോധ മുറകളെ നിരീക്ഷിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.*
- *പ്രതിരോധ സംവിധാനത്തെ അധികരിച്ച് ഒരു ചോദ്യോത്തര പരിപാടി സംഘടിപ്പിക്കുക.*

B. മനോ-സാമൂഹ്യ വികസന സിദ്ധാന്തം Theory of Psycho-Social Development) - എറിക് എറിക്സൺ

നിങ്ങൾക്കറിയാമോ?

എറിക് എറിക്സൺ (1902-1994)



15 ജൂൺ 1902 ൽ ജർമ്മനിയിൽ ഫ്രാങ്ക്ഫർട്ടിൽ ജനിച്ചു. തന്റെ വിദ്യാലയകാലം അവസാനിച്ച ശേഷം അദ്ദേഹം യൂറോപ്പിലുടനീളം യാത്ര ചെയ്തു. മനോവിശ്ലേഷണത്തെ കുറിച്ച് പഠിക്കുകയും വിയന്ന സൈക്കോ അനലറ്റിക് സൊസൈറ്റിയിൽ നിന്ന് സർട്ടിഫിക്കറ്റ് നേടുകയും ചെയ്തു. സിഗ്മണ്ട് ഫ്രോയ്ഡ്, അന്നാ ഫ്രോയ്ഡ് എന്നിവരെ സന്ദർശിച്ചു. 1933 ൽ എറിക്സൺ അമേരിക്കൻ ഹാർവാർഡ് മെഡിക്കൽ സ്കൂളിൽ ഫാക്കൽറ്റിയായി സേവനം തുടങ്ങി. അതിനു ശേഷം കാലിഫോർണിയ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ചു. തുടർന്ന് സൈക്കോ അനലറ്റിക്ക് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി ചെയ്തു.

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക ആപ്പിളിന്റെ സി.ഇ.ഒ ആയ സ്റ്റീവ് ജോബ്സിന്റെ ആരമ്മകഥയിൽ നിന്നുള്ളതാണ്. പിൽക്കാലത്ത് ഇദ്ദേഹത്തിന്റെ ജീവിതഗതി മാറുകയും അദ്ദേഹം ഒരു വിജയിച്ച വ്യക്തിത്വത്തിന് ഉടമയായി തീരുകയും ചെയ്തു.

കിഴക്കൻ ഫിലോസഫി, ഫ്രൂട്ടേറിയൻ ഡയറ്റ്, നാർക്കോട്ടിക്ക് ഡ്രഗ് എന്നീ വിഷയങ്ങളിൽ ആകൃഷ്ടനായ സ്റ്റീവ്, ഒറിഗണിലെ റീഡ് കോളേജിൽ ഒരു സെമസ്റ്റർ മാത്രമേ ചിലവഴിച്ചുള്ളൂ. പിന്നീട് അദ്ദേഹം ഒറിഗണിലെ ഹിപ്പി പ്രസ്ഥാനത്തിൽ ചേർന്നു.

ഇത്തരത്തിലുള്ള വിവിധ ഘട്ടങ്ങളിൽ കൂടി കടന്ന് പിന്നീട് ജീവിതത്തിൽ വിജയം നേടിയ വ്യക്തികളുടെ ചരിത്രം നിങ്ങൾക്കറിയാമോ?

- ....

ഈ വിവരണത്തിൽ നിന്ന് നാം എന്ത് മനസ്സിലാക്കുന്നു?

- ....

ഒരു വ്യക്തിയുടെ ജീവിതത്തിൽ മാറ്റം ഏത് ഘട്ടത്തിലും സംഭവിക്കുമെന്ന് മുകളിൽ പറഞ്ഞ ജീവചരിത്രത്തിൽ നിന്ന് നമുക്ക് പറയാം. മനുഷ്യന്റെ വ്യക്തിത്വത്തിൽ സംഭവിക്കുന്നതായ മുകളിൽ നൽകിയ നിരീക്ഷണങ്ങൾ സാധൂകരിക്കുന്നതായി ചില വ്യക്തിത്വ സിദ്ധാന്തങ്ങൾ ഉണ്ട്.

സാമൂഹ്യ ജീവിതാനുഭവങ്ങൾ വ്യക്തിത്വത്തെ സ്വാധീനിക്കുന്നതായി എറിക്സൺ നിർദ്ദേശിച്ചിരുന്നു. വ്യക്തിത്വം നിർണ്ണയിക്കുന്നതിൽ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും ചുമതലകൾ വളരെയധികം ദർശിക്കുവാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. എറിക്സണിന്റെ അഭിപ്രായപ്രകാരം സാമൂഹ്യ ഇടപെടലിലൂടെയാണ് ഒരാളുടെ ഈഗോ വികസിക്കുന്നത്. സാമൂഹ്യ സ്വഭാവമുള്ള പ്രശ്നങ്ങൾ വിജയകരമായി പരിഹരിക്കപ്പെടുമ്പോൾ ഈഗോ വികസനം സാധിക്കുന്നു.

ജീവിതത്തിൽ പ്രാപ്തിയുള്ളവരാകുക എന്ന മേഖലയിലാണ് എറിക്സണിന്റെ സിദ്ധാന്തം. ജീവിതകാലഘട്ടങ്ങളുടെ വിജയകരമായ പൂർത്തീകരണം ആരോഗ്യകരമായ വ്യക്തിത്വവും അടിസ്ഥാന മൂല്യങ്ങളും നേടിയെടുക്കുവാൻ സാധിക്കുന്നു. ആപത്ത് ഘട്ടങ്ങൾ പരിഹരിക്കുവാൻ 'ഈഗോ' യ്ക്ക് പിന്തുണയേകുന്നത് ഈ അടിസ്ഥാന മൂല്യങ്ങളാണ്. എറിക്സണിന്റെ വീക്ഷണ പ്രകാരം അപകടങ്ങൾ എപ്പോഴും മാനസിക സാമൂഹിക രീതിയിലുള്ളതാണ്. അത് വ്യക്തികളുടെ മാനസിക ആവശ്യങ്ങളുമായി ചേർന്നു നിൽക്കുന്നു. വ്യക്തിക്ക് തുടർച്ചയായി വളരുവാനും വികസിക്കുവാനും ജീവിത കാലഘട്ടങ്ങളിൽ ധാരാളം അവസരങ്ങൾ ലഭ്യമാകുന്നുണ്ട്. ഫ്രോയ്ഡ് തുടങ്ങിയ മനശാസ്ത്രജ്ഞരെപ്പോലെ എറിക്സണും പറയുന്നത് വ്യക്തിത്വം എന്നതിന് ആസൂത്രിതമായ ക്രമം ഉണ്ടെന്നും അത് രൂപീകൃതമാകുന്നത് ഒരു ഘട്ടത്തിൽ നിന്ന് അടുത്ത ഘട്ടത്തിലേക്കാണ് എന്നാണ്. ഇതിനെ 'എപ്പിജെനിറ്റിക് തത്വം' എന്നു പറയുന്നു. ജീവിതകാലഘട്ടങ്ങളുടെ വിജയകരമായ പൂർത്തീകരണത്തിൽ ഏതെങ്കിലും ഘട്ടത്തിൽ പരാജയം സംഭവിച്ചാൽ അത് അനാരോഗ്യ വ്യക്തിത്വത്തിന് കാരണമാകുന്നു. പക്ഷെ പിന്നീടുള്ള ഘട്ടങ്ങളിൽ അത് പരിഹരിക്കാവുന്നതാണ്.

എറിക്സണിന്റെ അഭിപ്രായത്തിൽ എട്ട് ഘട്ടങ്ങളിലൂടെയാണ് വികാസം സംഭവിക്കുന്നത്.

1. വിശ്വാസം X അവിശ്വാസം
2. സ്വാശ്രയം X സങ്കോചം
3. മുൻകൈ എടുക്കൽ X അപരാധബോധം
4. പരിശ്രമം X അപകർഷത
5. വ്യക്തിത്വം X അന്യതാ ബോധം
6. സൗഹൃദം X ഏകാന്തത
7. ക്രിയാത്മകത X നിഷ്ഫലത
8. സമഗ്രത X ഹതാശ

1. വിശ്വാസം X അവിശ്വാസം (Trust vs Mistrust) (0 മുതൽ 2 വയസ്സ് വരെ)

ഈ ഘട്ടം ഫ്രോയിഡിന്റെ വദനഘട്ടത്തോട് സാമ്യമുള്ളതാണ്. ഈ ഘട്ടത്തിൽ ശിശു മറ്റുള്ളവരെ ആശ്രയിക്കുന്നു. കുട്ടിയുടെ ആശ്രയത്വത്തെയും രക്ഷിതാക്കളുമായുള്ള, പ്രത്യേകിച്ച് അമ്മയോടുള്ള ബന്ധത്തിന്റെയും അടിസ്ഥാനത്തിലാണ് കുട്ടിയിൽ വിശ്വാസം വിജയകരമായി രൂപപ്പെടുന്നത്. ഒരു കുട്ടി വിശ്വാസം നേടിയെടുക്കുന്നുണ്ടെങ്കിൽ അവിടെ കുട്ടിക്ക് സുരക്ഷിതത്വം അനുഭവപ്പെടും. അവന്/അവൾക്ക് സുരക്ഷിതത്വം നൽകുന്നതിൽ മാതാപിതാക്കൾ പരാജയപ്പെടുന്നുവെങ്കിൽ കുട്ടിയിൽ അവിശ്വാസ മനോഭാവം രൂപപ്പെടുന്നു.

2. സ്വാശ്രയം X സങ്കോചം (Autonomy vs Shame) (2 മുതൽ 3 വയസ്സ് വരെ)

ഈ കാലഘട്ടത്തിലാണ് കുട്ടികളിൽ കൂടുതലായ വ്യക്തിഗത നിയന്ത്രണം രൂപപ്പെടുന്നത്. എറിക്സണിന്റെ അഭിപ്രായത്തിൽ ടോയ്ലറ്റ് ഉപയോഗിക്കുന്നതിനുള്ള പരിശീലനം ലഭിക്കുന്നതുവഴി കുട്ടി തന്റെ ശാരീരിക ധർമ്മങ്ങളുടെ സ്വയം നിയന്ത്രണം സാധ്യമാക്കാൻ പഠിക്കുന്നു. ഇത് ഒരുവന്റെ സ്വാശ്രയത്വത്തിനു കാരണമാകുന്നു. രക്ഷിതാക്കൾ കുട്ടികളെ തന്റെ ശീലങ്ങൾ സ്വതന്ത്രമായി കൈകാര്യം ചെയ്യുവാൻ അനുവദിക്കുകയാണെങ്കിൽ അത് കുട്ടിയിൽ സ്വാശ്രയത്വം വളരുവാൻ സഹായിക്കും. കുട്ടിയുടെ കഴിവിൽ വിശ്വാസമില്ലാതെ സ്വന്തം കാര്യങ്ങൾ സ്വയം നടത്തുവാൻ ഏല്പിക്കാത്ത മുതിർന്നവരുടെ മനോചിന്തകൾ അവനിൽ ആത്മസങ്കോചമുളവാക്കുന്നു.

3. മുൻകൈ എടുക്കൽ X അപരാധബോധം (Initiative vs Guilty)

(3 മുതൽ 5 വയസ് വരെ)

ഈ ഘട്ടത്തിൽ കുട്ടികൾ തനിക്ക് ചുറ്റുമുള്ള കാര്യങ്ങൾ സ്വയം നിയന്ത്രണത്തിൽ വരുത്തുവാൻ പ്രാപ്തി നേടിതുടങ്ങുന്നു. കളികളിലും മറ്റു സാമൂഹ്യ ഇടപെടലുകളിലും വ്യാപൃതനാകുന്നു. ഈ ഘട്ടത്തിൽ സുഖകരമായി കാര്യങ്ങൾ നടത്തുന്ന കുട്ടികൾ മറ്റുള്ളവരെ നയിക്കുവാനുള്ള പ്രാപ്തി നേടുന്നു. പരാജയപ്പെടുന്നവർ അപരാധബോധത്തിൽ എത്തിപ്പെടുന്നു.

4. **പരിശ്രമം X അപകർഷത (Industry vs Inferiority)**

(6 വയസ്സ് മുതൽ കൗമാര ആരംഭം വരെ)

ഒരുവന്റെ ആത്മവിശ്വാസ വികസനത്തിന് പ്രാഥമിക വിദ്യാലയ ദിനങ്ങൾ ഏറെ നിർണ്ണായകമാണെന്നാണ് എറിക്സണിന്റെ നിരീക്ഷണം. കുട്ടികൾ ഈ പ്രായത്തിൽ പല പ്രവർത്തികളിലും ഏർപ്പെടുന്നു. അധ്യാപകരിൽ നിന്നും രക്ഷിതാക്കളിൽ നിന്നും പ്രചോദനം ലഭിക്കുന്ന കുട്ടികളിൽ കാര്യക്ഷമതാ ബോധം ഉളവാകുന്നു. മറ്റുള്ളവരിൽ നിന്ന് തീരെ പ്രചോദനം ലഭിക്കാത്ത കുട്ടികൾക്ക് തന്റെ കഴിവിനെ കുറിച്ച് സംശയം ജനിക്കുന്നു.

5. **സ്വത്വം X അന്യതാ ബോധം (Identity vs Confusion) (കൗമാര ഘട്ടം)**

കൗമാര കാലഘട്ടത്തിൽ കുട്ടികളിൽ വ്യക്തിത്വവും സ്വാശ്രയത്വവും രൂപപ്പെടുന്നു. യഥാർത്ഥ പ്രോത്സാഹനവും ദൃഢപ്പെടുത്തലും അന്വേഷണാനുഭവങ്ങളിലൂടെ ലഭ്യമാകുന്ന കുട്ടികളിൽ വ്യക്തിത്വം ബലപ്പെടുന്നു. തങ്ങളുടെ വിശ്വാസങ്ങളിലും ആഗ്രഹങ്ങളിലും വിശ്വാസമില്ലാത്തവർ തങ്ങളെക്കുറിച്ചും തങ്ങളുടെ ഭാവിയെക്കുറിച്ചും തികഞ്ഞ അരക്ഷിതാവസ്ഥയിലും ആശങ്കയിലുമായിരിക്കും.

6. **സൗഹൃദം X ഏകാന്തത (Intimacy vs Isolation) (യൗവന കാലഘട്ടം)**

വ്യക്തിബന്ധങ്ങൾ കണ്ടെത്തുന്ന കാലഘട്ടമാണിത്. ഈ കാഘട്ടത്തിൽ വ്യക്തിബന്ധങ്ങൾ രൂപപ്പെടുത്തുന്നതിൽ വിജയിക്കുന്നവർ സുരക്ഷിതബോധമുള്ളവരും ആത്മസമർപ്പിതരുമായിരിക്കും. ഉറച്ച വ്യക്തി മനോഭാവം ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിന് വളരെ പ്രധാനമാണെന്നാണ് എറിക്സൺ വിശ്വസിക്കുന്നത്.

7. **ക്രിയാത്മക X നിഷ്ഫലത (Generativity vs Stagnation) (മധ്യകാലം)**

ഭാവി തലമുറയ്ക്ക് വഴികാട്ടുകയും സമൂഹവളർച്ച സാധ്യമാക്കുകയുമാണ് മധ്യകാലഘട്ട പ്രായക്കാരുടെ മുഖ്യ ധർമ്മം. ഈ കാലഘട്ടം വിജയകരമായി നിർവ്വഹിക്കുന്നവർ തങ്ങളുടെ സമൂഹത്തിനും കുടുംബത്തിനും വേണ്ടതായ ചുമതലകൾ നിർവഹിക്കുന്നതിലൂടെ ലോകത്തിനു തന്നെ പ്രയോജനമുള്ളവരാണെന്ന് തോന്നും. ഈ ചുമതലകളിൽ പരാജയപ്പെടുന്നവർക്ക് തങ്ങൾ സ്വയം കഴിവില്ലാത്തവരും സാമൂഹ്യകാര്യങ്ങളിൽ ഉൾപ്പെടാത്തവരുമാണെന്ന തോന്നലുണ്ടാകും.

8. **സമഗ്രത X ഹതാശ/ഇച്ഛാ ഭംഗം (Integrity vs Despair) (വാർദ്ധക്യ കാലഘട്ടം)**

ഈ കാലഘട്ടത്തിൽ ആളുകൾ തങ്ങളുടെ കഴിഞ്ഞകാലങ്ങളെ കുറിച്ച് വിലയിരുത്തുന്നു. തങ്ങളുടെ നേട്ടങ്ങളെയും കോട്ടങ്ങളെയും കണക്കിലെടുത്ത് ജീവിത വിജയപരാജയങ്ങൾ രേഖപ്പെടുത്തുന്നു.തന്റെ നേട്ടങ്ങളിൽ അഭിമാനം കൊള്ളുന്നവർക്ക് ജീവിതത്തിൽ പൂർണ്ണത അനുഭവപ്പെടും. അങ്ങനെയല്ലാത്തവർ ജീവിതത്തിൽ പരാജയപ്പെട്ടു നിൽക്കുന്നു.

മനോസാമൂഹിക വ്യക്തിത്വ സിദ്ധാന്തം മനുഷ്യന്റെ സാമൂഹ്യ സ്വഭാവത്തിനാണ്

ഊന്നൽ നൽകിയത്. ഇതോടോപ്പം സാമൂഹ്യ ബന്ധങ്ങളുടെ പ്രാധാന്യവും ഉയർത്തി പിടിക്കുന്നു.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1 എപ്പിജെനിക്ക് തത്വത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

2 എറിക് എറിക്സണിന്റെ മനോസാമൂഹിക വികസന സിദ്ധാന്തത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദീകരിക്കുക ?

നമുക്ക് പ്രവർത്തിക്കാം

എറിക്സണിന്റെ മനോസാമൂഹിക വികസന സിദ്ധാന്തത്തിന്റെ വിവിധ ഘട്ടങ്ങൾ കാണിക്കുന്ന ചാർട്ട് തയ്യാറാക്കി സ്ക്കൂൾ വാർത്താബോർഡിൽ പ്രദർശിപ്പിക്കുക.

പവർ പോയിന്റ് സഹായത്തോടെ എറിക്സണിന്റെ മനോസാമൂഹിക വികസന സിദ്ധാന്തത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിക്കുക?

C. സംജ്ഞാന വികസന സിദ്ധാന്തം (Cognitive Development Theory) ജീൻ പിയാഷേ

നിങ്ങൾക്കറിയാമോ?

ജീൻ പിയാഷേ

സ്വിറ്റ്സർലാൻഡിൽ ന്യൂഷാറ്റൽ എന്ന സ്ഥലത്ത് 1896 ആഗസ്റ്റ് 9 ന് ജനിച്ചു.കുട്ടിക്കാലത്ത് തന്നെ പ്രകൃതിശാസ്ത്രത്തിൽ താൽപര്യം. ജീവശാസ്ത്രത്തിൽ പരിശീലനം സിദ്ധിച്ച പിയാഷേയുടെ മനശാസ്ത്രത്തിലുള്ള താല്പര്യം അദ്ദേഹത്തെ മനശാസ്ത്രജ്ഞനാക്കി മാറ്റി. 1918 ൽ ന്യൂഷാറ്റൽ യൂണിവേഴ്സിറ്റിയിൽ നിന്ന് ജന്തുശാസ്ത്രത്തിൽ പി.എച്ച്.ഡി നേടി. യൂണിവേഴ്സിറ്റി ഓഫ് സൂറിച്ചിൽ കാൾ ജുഗിന്റെയും പോൾ യൂജിൻ ബ്ലൂവറുടെയും കീഴിൽ മനശാസ്ത്രം പഠിച്ചു. മനോവിശ്ലേഷണത്തിൽ താൽപര്യം ജനിച്ചു. ബുദ്ധിശക്തി നിർണ്ണയിക്കുന്നതിനുമപ്പുറം ബുദ്ധിശക്തി കുട്ടികൾ എങ്ങനെ ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ച് പഠിക്കുവാൻ ശ്രമിച്ചു. പ്രശസ്തമായ ഇറാസ്മസ്-ബാൽസൻ പുരസ്ക്കാരം നേടിയിട്ടുണ്ട്. 1950 സെപ്തംബർ 16 ന് ജനീവയിൽ അന്തരിച്ചു.

'സംജ്ഞാനം' എന്ന പദം അറിവ് തേടുന്ന പ്രക്രിയയെ കുറിക്കുന്നു. ധീഷണത്തിൽ സംവേദനം, ചിന്ത, പ്രശ്നപരിഹാരം, യുക്തിബോധം, തീരുമാനമെടുക്കൽ, പഠനം തുടങ്ങിയ ഉന്നതതല മാനസിക പ്രക്രിയകൾ ഉൾപ്പെടുന്നു. പിയാഷെയുടെ അവബോധ വികസന സിദ്ധാന്തം മനുഷ്യ ബുദ്ധിശക്തിയുടെ വികസനത്തെയും വിശദീകരിക്കുന്നു. പിയാഷെയുടെ വീക്ഷണത്തിൽ കുട്ടികൾ ജനിക്കുന്നത് അടിസ്ഥാന മാനസിക ഘടനയോടെയാണ്. അതിന്മേലാണ് തുടർ പഠനങ്ങളും അറിവുകളും അടിസ്ഥാനമായിരിക്കുന്നത്. മിക്ക മനഃശാസ്ത്രജ്ഞരും വിശ്വസിക്കുന്നത് ജനിക്കുമ്പോൾ മനസ്സ്

'ബ്ലാങ്ക് പേപ്പർ' *(താബുല റാസ)* പോലെയാണ്, അനുഭവങ്ങളിലൂടെ അതിൽ എഴുത പ്പെടുന്നു എന്നാണ്. പക്ഷെ പിയാഷേ കരുതുന്നത് ചുറ്റുപാടിനെ മനസ്സിലാക്കാനുള്ള ജന്മനാ തന്നെയുള്ള സവിശേഷ ഗുണം മനുഷ്യനിലുണ്ട് എന്നാണ്. ഈ കഴിവ് യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കുന്നതിൽ പ്രത്യേക പങ്ക് വഹിക്കുന്നു. അവബോധ വിക സനം രൂപപ്പെടുന്നത് ജീവശാസ്ത്ര വളർച്ചയുടെയും ചുറ്റുപാടിലെ അനുഭവങ്ങളിലൂ ടെയുള്ള പടിപടിയായ തിരിച്ചറിവിന്റെ ഫലമായിട്ടാണ്.

പിയാഷെയുടെ ജ്ഞാന സിദ്ധാന്തത്തിൽ 3 അടിസ്ഥാനഘടകങ്ങളാണ് ഉള്ളത്.

1 സ്കീമ (Schema)

2 അനുകൂലനം (Adaptation)

   a. സ്വാംശീകരണം (Assimilation)

   b. സംസ്ഥാപനം (Accomodation)

3. സംജ്ഞാന വികസന ഘട്ടങ്ങൾ (Stages of Cognitive Development)

1 സ്കീമ

പിയാഷെയുടെ അഭിപ്രായത്തിൽ വൈജ്ഞാനിക ഘടനയുടെ അടിസ്ഥാന ഘടകമാണ് സ്കീമ. വസ്തുക്കൾ, പ്രവർത്തനങ്ങൾ, ആശയങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന അറി വിന്റെ ഏകകമാണ് സ്കീമ. ബുദ്ധിപരമായ പെരുമാറ്റത്തിന്റെ അടിസ്ഥാനഘടകമാണ് സ്കീമ. തങ്ങൾ കാണുന്നതോ, കേൾക്കുന്നതോ, സ്പർശിക്കുന്നതോ ആയ കാര്യങ്ങളെ വ്യാഖ്യാനിച്ചെടുക്കുവാൻ ഒരു വ്യക്തി തന്റെ അറിവിനെ ക്രമീകരിക്കുന്നതാണ് സ്കീമ. പല സാഹചര്യങ്ങളെയും മനസ്സിലാക്കുവാനും പ്രതികരിക്കുവാനും സ്കീമ ഉപയോ ഗപ്പെടുത്തുന്നു.(ഉദാ: കുട്ടികളുടെ ചുണ്ടുകളിൽ എന്തെങ്കിലും സ്പർശിക്കുമ്പോൾ ഈറു മ്പിക്കുടിക്കുവാനുള്ള തൽസമയ പ്രതികരണം ഉണ്ടാകുന്നു. ഇവിടെ കുട്ടികൾക്ക് ഈറു മ്പിക്കുടിക്കുവാൻ പ്രേരിപ്പിക്കുന്ന സ്കീമ (Sucking schema) ഉണ്ടെന്ന് പിയാഷെ ഊഹി ക്കുന്നു.

2 അനുകൂലനം (Adaptation)

വ്യക്തികൾക്ക് ചുറ്റുപാടുമായി ബന്ധപ്പെട്ട് യോജിച്ചുപോകുന്നതിനും മാറ്റങ്ങൾക്ക് വിധേ യമാകുവാനുമുള്ള കഴിവിനെയാണ് അനുകൂലനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അനുകൂലനത്തിൽ രണ്ട് പ്രക്രിയകൾ ഉണ്ട് – സ്വാംശീകരണവും സംസ്ഥാപനവും.

a. സ്വാംശീകരണം (Assimilation)

നിലവിലുള്ള ഘടനകളെയും സ്കീമകളെയും അടിസ്ഥാനമാക്കി പുതിയ വസ്തു ക്കളും സംഭവങ്ങളും ഗ്രഹിക്കുന്ന പ്രക്രിയയാണ് സ്വാംശീകരണം.

b. സംസ്ഥാപനം (Accommodation)

നിലവിലുള്ള സ്കീമയിലോ ഘടനയിലോ മാറ്റങ്ങൾ വരുത്തി പുതിയ സാഹച ര്യങ്ങളെയോ വസ്തുക്കളെയോ മനസ്സിലാക്കുവാൻ പ്രാപ്തമാക്കുന്ന പ്രക്രിയ യാണ് സംസ്ഥാപനം.

3. സംജ്ഞാന വികസന ഘട്ടങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണം നിരീക്ഷിക്കുക. ചിത്രീകരണത്തെയും വിവരണത്തെയും അടിസ്ഥാനമാക്കി അവബോധ വികസനഘടകങ്ങളെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.



1. ***ഇന്ദ്രിയ ചാലക ഘട്ടം* (Sensory motor stage) *(ജനനം മുതൽ 2 വയസ്സ് വരെ)***

   ജീവിതത്തിന്റെ ആദ്യ രണ്ട് വർഷങ്ങളാണ് കുട്ടികളുടെ ഇന്ദ്രിയ ചാലകഘട്ടം. ഈ കാലഘട്ടത്തിന്റെ തുടക്കത്തിൽ കുട്ടികൾക്ക് പുറംലോകവുമായി തങ്ങളെ വേർതിരിച്ചറിയുവാൻ സാധിക്കാറില്ല. അവരുടെ പെരുമാറ്റം ക്ഷിപ്ര പ്രതികരണങ്ങളിൽ നിന്നുള്ളതാണ്. കുട്ടികൾ വളരുന്തോറും പുതിയ പ്രതികരണഘടന രൂപപ്പെടുകയും അവർ ബോധപൂർവ്വമായി പ്രതികരിക്കുകയും ചെയ്യുന്നു.

2. ***പ്രാഗ് ക്രിയാത്മക ഘട്ടം* (Pre-operational stage) *(2 മുതൽ 7 വയസ്സ് വരെ)***

   ഈ ഘട്ടത്തിൽ പോലും കുട്ടിക്ക് യുക്താനുസൃതം ചിന്തിക്കുവാനുള്ള കഴിവില്ലാത്തത് കൊണ്ടാണ് ഈ കാലഘട്ടത്തെ പൂർവ്വ പ്രവർത്തനഘട്ടം അല്ലെങ്കിൽ പ്രാഗ് ക്രിയാത്മക ഘട്ടം എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. എങ്കിലും അച്ഛനമ്മമാരുമായി വാക്കുകളുപയോഗിച്ചും ഭാവനയോടും സാധിക്കുന്നതുപോലെ കുട്ടി ആശയവിനിമയം നടത്തുന്നു. ഈ ഘട്ടത്തിൽ യുക്തി തത്വങ്ങളെക്കാളുപരി മുന്നിൽ കാണുന്നതെന്താണോ അതാണ് കുട്ടിയുടെ ചിന്തയെ സ്വാധീനിക്കുന്നത്.

3. ***മൂർത്ത ക്രിയാത്മക ഘട്ടം* (Concrete operational stage) *(7 മുതൽ 12 വയസ്സ് വരെ)***

   ഈ ഘട്ടത്തിൽ കുട്ടി തനിക്ക് മുന്നിൽ കാണുന്ന വസ്തുക്കളോ, സംഭവങ്ങളോ മാത്രമെ വിശ്വസിക്കുവാനും ചിന്തിക്കുവാനും തയ്യാറാകുന്നുള്ളു. സാഹചര്യങ്ങൾക്കനുസരിച്ച് ബുദ്ധിപൂർവ്വം അതിനെ കൈകാര്യം ചെയ്യുവാൻ കുട്ടിക്ക് കഴിയുന്നു. അതു കൊണ്ട് ഈ കാലഘട്ടത്തിൽ കുട്ടികളിൽ യുക്തിചിന്ത വികസിക്കുന്നു. പക്ഷെ ചിന്ത രൂപാത്മക വസ്തുക്കളുമായി ബന്ധപ്പെട്ടു കിടക്കുന്നു.

4. ***ഔപചാരിക ക്രിയാത്മക ഘട്ടം* (Formal operational) *(12 മുതൽ 16 വയസ്സ് വരെ)***

ഈ കാലഘട്ടത്തിന്റെ സവിശേഷത കുട്ടികളിൽ യുക്തിചിന്തകളും ന്യായ ചിന്തയും രൂപപ്പെട്ടുവരുന്നവെന്നതാണ്. ചിന്തകൾ ക്രമമായും അയവുള്ളതായും ന്യായയുക്തമായും കാണപ്പെടുന്നു. പ്രശ്നപരിഹാരത്തിന് എല്ലാ മാർഗ്ഗങ്ങളും തേടുകയും പ്രശ്നത്തെ വിവിധങ്ങളായ വീക്ഷണകോണിൽ ദർശിക്കുകയും ചെയ്യുന്നു. വ്യക്തിയുടെ വിവിധ സാഹചര്യങ്ങളുമായുള്ള പ്രതികരണം അവരുടെ വ്യക്തിത്വത്തെ ആശ്രയിച്ചിരിക്കുന്നു. സിദ്ധാന്തങ്ങളുടെ സഹായത്താൽ മനുഷ്യർ എങ്ങനെ, എന്തു കൊണ്ട് സാഹചര്യങ്ങളെ സമീപിക്കുന്നു എന്ന് മുൻകൂട്ടി പറയാൻ സാധിക്കും. സാമൂഹ്യ പ്രവർത്തകന് സാഹചര്യങ്ങളെയും വ്യക്തികളെയും മനസ്സിലാക്കുന്നതിനും അനുയോജ്യമായി പ്രതികരിക്കുന്നതിനും സിദ്ധാന്തങ്ങൾ വളരെയേറെ പ്രയോജനകരമാണ്.

നിങ്ങളുടെ പുരോഗതി പരിശോധിക്കൂ

1. സംജ്ഞാനം എന്നത് എന്താണ് അർത്ഥമാക്കുന്നത്?
2. സ്കീമ, അനുകൂലനം എന്നീ ആശയങ്ങൾ വിശദമാക്കുക?
3. സംജ്ഞാന വികസന സിദ്ധാന്തത്തിലെ ഘട്ടങ്ങളുടെ പട്ടിക തയ്യാറാക്കുക.

നമുക്ക് പ്രവർത്തിക്കാം

പിയാഷേയുടെ സംജ്ഞാന വികസന സിദ്ധാന്തത്തെ അടിസ്ഥാനമാക്കി സെമിനാർ റിപ്പോർട്ട് തയ്യാറാക്കുക.

8.4 പക്വതയാർന്ന വ്യക്തിത്വം

നിങ്ങളുടെ പിതാവ് നിങ്ങൾക്കും അമ്മയ്ക്കുമായി ഒരു ചോക്ളേറ്റ് ബാർ കൊണ്ടുവന്നുവെന്ന് കരുതുക. അമ്മയ്ക്ക് നൽകാതെ മുഴുവൻ ചോക്ളേറ്റും നിങ്ങൾ കഴിക്കുന്നുവെന്ന് കരുതുക. നിങ്ങളുടെ അമ്മ എന്തായിരിക്കും ചെയ്യുക? അവർ ദേഷ്യത്തോടെ കരയുമോ? അവരുടെ പ്രതികരണമെന്തായിരിക്കും? എന്ത്കൊണ്ട്?

- ....

പക്വത എന്നത് ചുറ്റുപാടിനോട് അനുയോജ്യമായി പ്രതികരിക്കുക എന്നതാണ്. പക്വതയുള്ള വ്യക്തികൾക്ക് തങ്ങൾ ജീവിക്കുന്ന സാഹചര്യത്തിനും സംസ്ക്കാരത്തിനും അനുയോജ്യമായി പെരുമാറാനുള്ള കഴിവുണ്ട്.

താഴെപ്പറയുന്നവ പക്വതയുള്ള വ്യക്തികളുടെ സവിശേഷതകളാണ്.

a. ആത്മ വിപുലീകരണം (Self-extension)

പക്വമതികൾ സ്വാർത്ഥത പ്രകടിപ്പിക്കില്ല. അവർ തങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ ചുറ്റുപാടുള്ള പ്രവൃത്തികളിൽ ഏർപ്പെടുന്നു. അവർക്ക് ജീവിതത്തിൽ കൃത്യമായ ലക്ഷ്യം ഉണ്ട്.

b. ഊഷ്മള ബന്ധം (Warm relationship)

പക്വമതികൾ മറ്റുള്ളവരുടെ ആവശ്യങ്ങൾ, അവകാശങ്ങൾ, മൂല്യങ്ങൾ എന്നിവയെ ഉൾക്കൊള്ളുന്നവരായിരിക്കും.

c. വൈകാരിക സ്ഥിരത (Emotional stability)

ജീവിതത്തിലുണ്ടാകുന്ന അസംതൃപ്തിയ്ക്ക് നേരെ പക്വമതികൾ അമിത പ്രതികരണം നടത്താറില്ല. അതിനോട് പൊരുത്തപ്പെടുവാനുള്ള കഴിവ് അത്തരക്കാർക്കുണ്ട്.

d. യാഥാർത്ഥ ഗ്രഹണം (Realistic perception)

പക്വമതികൾ യാഥാർത്ഥ്യബോധത്തോടെ ജീവിക്കുന്നവരാണ്. ജീവിതപ്രശ്നങ്ങൾ യുക്തിസഹമായി അവർ കൈകാര്യം ചെയ്യുന്നു.

e. സ്വയാവബോധം (Self - awareness)

പക്വമതികൾക്ക് തങ്ങളെക്കുറിച്ച് യാഥാർത്ഥ്യമായ ബോധ്യം ഉണ്ട്. അവർ തന്റെ കഴിവുകൾ, കഴിവുകേടുകൾ എന്നിവയെ കുറിച്ച് ബോധ്യമുള്ളവരാണ്.

f. ഏകീകൃത ജീവിത തത്വചിന്തകൾ (Unifying philosophy of life)

പക്വമതികൾക്ക് അവരുടെ ജീവിതത്തെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ജീവിതം മൂല്യങ്ങൾക്കധിഷ്ഠിതമാണ്. ഈ മൂല്യങ്ങൾ അന്യരുടെ ക്ഷേമത്തിനു വേണ്ടിയുള്ളതാണ്.

നമുക്ക് സംഗ്രഹിക്കാം

ഈ പാഠത്തിൽ നിന്ന് വ്യക്തി സിദ്ധാന്തങ്ങൾ, പ്രതിരോധ സംവിധാനം, പക്വതയാർന്ന വ്യക്തിത്വം എന്നിവയെക്കുറിച്ചുള്ള നിർവ്വചനം, ആശയം, പ്രത്യേകതകൾ എന്നിവ പഠിക്കുവാൻ സാധിച്ചു. വ്യക്തിത്വം എന്നത് ചിന്തയിലും സ്വഭാവത്തിലും സവിശേഷതകളിലും വ്യക്തികൾ വ്യത്യസ്തത പ്രകടിപ്പിക്കുന്നതാണ്. വ്യക്തിത്വം നിശ്ചലമായതല്ല, അത് ജീവിതകാലം മുഴുവൻ രൂപപ്പെടുന്നു. വ്യക്തിത്വം നിർണ്ണയിക്കുന്നത് വ്യക്തിയുടെ അകത്തും പുറത്തുമുള്ള ജീവശാസ്ത്രപരമായതും ശാരീരികമായതും പാരിസറിതികമായതുമായ ധാരാളം ഘടകങ്ങളാണ്.

വ്യക്തിത്വം വിശദീകരിക്കുന്ന ധാരാളം സിദ്ധാന്തങ്ങൾ ഉണ്ട്. സിഗ്മണ്ട് ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തം, എറിക് എറിക്സണിന്റെ മനോസാമൂഹ്യ വികസന സിദ്ധാന്തം, ജീൻ പിയാഷേയുടെ അവബോധവികസന സിദ്ധാന്തം എന്നിവ നാം ചർച്ച ചെയ്തു.

ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തത്തിൽ 3 പ്രധാന ഭാഗങ്ങൾ ഉണ്ട്.

വ്യക്തിത്വ ചലനാത്മക സിദ്ധാന്തം, വ്യക്തിഘടന സിദ്ധാന്തം, മനോ ലൈംഗിക വികാസ സിദ്ധാന്തം. വ്യക്തിത്വ ചലനാത്മക സിദ്ധാന്തത്തിൽ മനുഷ്യ മനസ്സിന് 3 ഭാഗങ്ങൾ ഉണ്ടെന്ന് പറയുന്നു.

വ്യക്തിത്വം രൂപപ്പെടുന്നതിൽ മനസ്സിന്റെ അബോധതലത്തിന് ഏറെ പ്രധാന്യമുണ്ട്.

വ്യക്തി ഘടന സിദ്ധാന്തം ഇദ്, ഈഗോ, സൂപ്പർ ഈഗോ മൂന്ന് ഭാഗങ്ങളിലൂടെ പ്രതിപാദിക്കുന്നു. ഈ മൂന്ന് ഘടകങ്ങളുടെയും പരസ്പര സമ്പർക്കത്തിന്റെ ഉൽപ്പന്നമാണ് മനുഷ്യ വ്യക്തിത്വം.

മനോലൈംഗിക സിദ്ധാന്തം പറയുന്നത് വ്യക്തിത്വ വികസനം വദനഘട്ടം, ഗുദഘട്ടം ഫാലിക്ഘട്ടം, ലേറ്റൻസി ഘട്ടം, ജനിറ്റൽഘട്ടം എന്നീ ഘട്ടങ്ങളിലൂടെയുള്ള പ്രക്രിയയിലൂടെയാണ് സാധ്യമാകുന്നത് എന്നാണ്. ഓരോ ഘട്ടങ്ങളിലുമുള്ള ആഗ്രഹസഫലീകരണം വ്യക്തിത്വം രൂപീകരിക്കുന്നതിൽ പ്രധാന്യമേറിയതാണ്.

പ്രതിരോധ സംവിധാനം വ്യക്തിയുടെ മനസ്സിനെ സംഘർഷങ്ങളിൽ നിന്നും അപകടങ്ങളിൽ നിന്നും രക്ഷിച്ച് സന്തുലനാവസ്ഥയിൽ നിർത്തുന്നു. അന്യാരോപണം, പ്രതിക്രിയാ സംവിധാനം, അടിച്ചമർത്തൽ, ന്യൂനതമറയ്ക്കൽ, ഉദാത്തീകരണം എന്നീ തരത്തിലുള്ള പ്രതിരോധ സംവിധാനങ്ങൾ നാം സാധാരണയായി ഉപയോഗിക്കുന്നു.

എറിക് എറിക്സണിന്റെ മനോസാമൂഹ്യ വികസന സിദ്ധാന്തം പറയുന്നത് 8 ഘട്ടങ്ങളിലൂടെയാണ് വ്യക്തിത്വം വികസിക്കുന്നത് എന്നാണ്. ജീവിതാനുഭവങ്ങൾ വ്യക്തിത്വം രൂപപ്പെടുന്നതിൽ വളരെയധികം സ്വാധീനിക്കുന്നു. ജീൻ പിയാഷേയുടെ കോഗ്നിറ്റീവ് തിയറി മനുഷ്യബുദ്ധിശക്തി വികസനത്തെ പ്രതിപാദിക്കുന്നു. സംജ്ഞാന വികസനം സാധ്യമാകുന്നത് ചുറ്റുപാടിലെ അനുഭവങ്ങളിലൂടെയും വളർച്ചയുടെ പടിപടിയായുള്ള തിരിച്ചറിവിന്റെയും ഫലമായിട്ടാണ്. സ്കീമ, അനുകൂലനം എന്നിവ പിയാഷേയുടെ സിദ്ധാന്തത്തിന്റെ പ്രധാനഘടകങ്ങളാണ്. ഇന്ദ്രിയ ചാലകഘട്ടം, പൂർവ്വ പ്രവർത്തനഘട്ടം, ഔപചാരിക ക്രിയാത്മകഘട്ടം എന്നിവയാണ് അവബോധ വികസനഘട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

പാഠത്തിന്റെ അവസാനഭാഗത്ത് പക്വതയാർന്ന വ്യക്തിത്വത്തെക്കുറിച്ച് വിശദീകരിക്കുന്നു. പക്വതയുള്ള വ്യക്തി താൻ ജീവിക്കുന്ന ചുറ്റുപാടിനോട് അനുയോജ്യമായി പെരുമാറുന്നു.

പഠനനേട്ടങ്ങൾ

- വ്യക്തിത്വം, അർത്ഥം, നിർവ്വചനം. സവിശേഷതകൾ എന്നിവ മനസ്സിലാക്കുവാൻ സാധിക്കുന്നു.
- വ്യക്തിത്വ നിർണ്ണയ ഘടകങ്ങൾ തിരിച്ചറിയുന്നു.
- പ്രധാന വ്യക്തി സിദ്ധാന്തങ്ങൾ ഗ്രഹിക്കുന്നു.
- പക്വതയാർന്ന വ്യക്തികളുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു.

വിലയിരുത്തൽ ചോദ്യങ്ങൾ

1. വ്യക്തിത്വം പാരമ്പര്യത്തിന്റെയും ചുറ്റുപാടിന്റെയും ആകെ തുകയാണ്, ചർച്ച ചെയ്യുക?
2. ഫ്രോയിഡിന്റെ മനോവിശ്ലേഷണ സിദ്ധാന്തം അധികരിച്ച് വ്യക്തിത്വം വിശദീകരിക്കുക?

3. വ്യക്തി വികസനത്തിൽ ബോധതലം, ഉപബോധതലം, അബോധതലം എന്നിവയുടെ പ്രാധാന്യം ചൂണ്ടികാണിക്കുക.

4. താഴെപ്പറയുന്നവയിൽ യോജിച്ചത് കണ്ടെത്തി ശരിയായ രീതിയിൽ ചേർക്കുക.

A	B	C
ഇദ്	യാഥാർഥ്യ തത്വം	രക്ഷകർത്താവ്
ഈഗോ	സദാചാര തത്വം	കുട്ടി
സൂപ്പർ ഈഗോ	ആനന്ദ തത്വം	കൗമാരം

5. സാധാരണയായി ഉപയോഗിക്കുന്ന 5 പ്രതിരോധ മുറകളുടെ ലിസ്റ്റ് തയ്യാറാക്കുക- വിശദീകരിക്കുക.

6. എറിക് എറിക്സണിന്റെ മനോസാമൂഹിക വികസന സിദ്ധാന്ത ഘട്ടങ്ങൾ വിശകലനം ചെയ്യുക.

7. ജീൻ പിയാഷേയുടെ സംജ്ഞാന വികസന സിദ്ധാന്തത്തെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

8. 'പക്വതയാർന്ന വ്യക്തിത്വം യാഥാർത്ഥ്യമല്ല, ഭാവനയാണ്'. അഭിപ്രായം തയ്യാറാക്കുക.

9. താഴെക്കൊടുത്തിട്ടുള്ള ചിത്രം പൂർത്തിയാക്കുക.